# പാരീസ് കമ്മ്യൂൺ ശതാബ്ദി

## തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ വിജയം നീണാൾ വാഴട്ടെ!

(മുഖപ്രസംഗം)

★

ചൈനാ പബ്ലിക്കേഷൻസ്
കല്ലായി റോഡ്
കോഴിക്കോട് – 2, കേരളം.

# Centenary of the
# PARIS COMMUNE

# Long Live the Victory of the
# DICTATORSHIP OF THE PROLETARIAT!

(JOINT EDITORIAL)

★

**CHINA PUBLICATIONS**
**Kallai Road, CALICUT - 2.**
**KERALA**

# തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ വിജയം നീണാൾ വാഴട്ടെ!

[പാരീസ് കമ്മ്യൂണിന്റെ ശതാബ്ദിയാഘോഷം പ്രമാണിച്ച് എഴുതിയത്]

പീപ്പ്ൾസ് ഡെയ്‌ലി, റെഡ് ഫ്ളാഗ്, ലിബറേഷൻ ആർമി ഡെയ്‌ലി എന്നിവയുടെ പത്രാധിപസമിതികൾ.

പീക്കിങ്ങ്, മാർച്ച്, 17 (സിൻഹ്വ)

## 1. പാരീസ് കമ്മ്യൂണിന്റെ തത്വങ്ങൾ അനശ്വരമാണ്

ഈ വർഷം മാർച്ച് 18 പാരീസ് കമ്മ്യൂണിന്റെ ശതാബ്ദികുറിക്കുന്നു. ലോകമാസകലമുള്ള തൊഴിലാളിവർഗ്ഗത്തോടും വിപ്ലവകാരികളായ ജനങ്ങളോടുമൊപ്പം നിറഞ്ഞ തൊഴിലാളിവർഗ്ഗ സാർവ്വദേശീയതത്തിന്റെ അകമഴിഞ്ഞ വികാരങ്ങളോടെ തങ്ങളുടെ മഹാനായ നേതാവ് ചെയർമാൻ മാവോവിന്റെ ശിക്ഷണത്തിന്നു കീഴിൽ നിന്നു കൊണ്ട് ചൈനീസ് കമ്മ്യൂണിസ്റ്റ്കാരും ചൈനീസ് ജനതയും ഈ മഹത്തായ ''തൊഴിലാളിവർഗ്ഗത്തിന്റെ ഉത്സവം'' (മാർക്സ് ഉപയോഗിച്ച വാക്കുകൾ) ഊഷ്മളമായി ആഘോഷിക്കുന്നു.

നൂറ് വർഷങ്ങൾക്കുമുമ്പ് ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിലെ തൊഴിലാളിവർഗ്ഗവും വിപുലമായ ബഹുജനവിഭാഗങ്ങളും ധീരോദാത്തമായ ഒരു സായുധ ഉയിർത്തെഴുന്നേല്പ് സംഘടിപ്പിക്കുകയും പാരീസ് കമ്മ്യൂൺ സ്ഥാപിക്കുകയും ചെയ്തു. ഇതു് മാനവചരിത്രത്തിലെ ഒന്നാമത്തെ തൊഴിലാളിവർഗ്ഗ ഭരണയന്ത്രമായിരുന്നു, ബൂർഷ്വാസിയെ മറിച്ചിടാനും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം സ്ഥാപിക്കാനും വേണ്ടിയുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ഒന്നാമത്തെ മഹത്തായ ശ്രമവുമായിരുന്നു.

പാരീസ് കമ്മ്യൂൺ പിന്തിരിപ്പൻ ബൂഷ്വാ ഗവർമ്മെണ്ടിൻെറ സേനയേയും പോലീസിനേയും ററദ്ദാക്കുകയും തൽസ്ഥാനത്ത് സായുധരായ ജനതയെ പ്രതിഷ്ഠിക്കുകയും ചെയ്തു; തോക്ക് തൊഴിലാളിവർഗ്ഗത്തിൻെറ കൈകളിലായിരുന്നു.

പാരീസ് കമ്മ്യൂൺ ജനങ്ങളെ അടിമത്വത്തിലാഴ്ത്തിനിർത്തുന്ന ആ ബൂഷ്വാ ഉദ്യോഗസ്ഥയന്ത്രത്തെ തകർക്കുകയും തൊഴിലാളിവർഗ്ഗത്തിൻേറതായ സ്വന്തം ഗവമ്മെണ്ട് സ്ഥാപിക്കുകയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താല്പര്യങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടി ഒരു കൂട്ടം നയങ്ങൾ സ്വീകരിക്കുകയും ഭരണകൂടത്തിൻെറ നടത്തിപ്പിൽ സജീവമായൊരു പങ്കുവഹിക്കാൻ വേണ്ടി ബഹുജനങ്ങളെ സംഘടിപ്പിക്കുകയും ചെയ്തു.

തൊഴിലാളിവർഗ്ഗ ഭരണയന്ത്രം സ്ഥാപിക്കാനും കാത്തുരക്ഷിക്കാനുമുള്ള പോരാട്ടത്തിൽ പാരീസ് കമ്മ്യൂണിൻെറ വീരപുരുഷന്മാർ അനിതരസാധാരണമായ വിപ്ലവ മുൻകൈയ്യും വാനോളമുയന്ന വിപ്ലവാവേശവും സ്വയം ബലിയർപ്പണത്തിൻേറതായ വീരസാഹസികതയും പ്രകടിപ്പിച്ചു. അങ്ങിനെ തലമുറകളായുള്ള വിപ്ലവജനതയുടെ അതിരററ പ്രശംസ അവർ നേടുകയും ചെയ്തു.

ബിസ്മാർക്കു (ജമ്മനിയുടെ ചാൻസലർ) മായി രഹസ്യവേഴ്ചയിലേപ്പെട്ടുകൊണ്ട് കശാപ്പുകാരനായ തിയേർസ് (ഫ്രഞ്ച് റിപ്പബ്ലിക്കിൻെറ പിന്തിരിപ്പൻ പ്രസിഡൻറ്) അഴിച്ചുവിട്ട സൈനികതള്ളിക്കയററത്തിൻേറയും രക്തപങ്കിലമായ അടിച്ചമർത്തലിൻെറയും ഫലമായി പാരീസ് കമ്മ്യൂൺ പരാജയമടഞ്ഞുവെങ്കിൽപ്പോലും അതിൻെറ ചരിത്രപരമായ സംഭാവനകൾ മായ്ക്കാൻ കഴിയാത്തവയാണ്. മാർക്സ് പറഞ്ഞപോലെ: മാർച്ച് 18ൻെറ ആ ഉജ്ജ്വലമായ പ്രസ്ഥാനം "എന്നെന്നേക്കുമായി വർഗ്ഗങ്ങളുടെ ഭരണയന്ത്രത്തിൽനിന്ന് മാനവരാശിയെ വിമോചിപ്പിക്കുന്ന ആ മഹത്തായ സാമൂഹ്യവിപ്ലവത്തിൻെറ പൊൻപുലരി" ആയിരുന്നു.

വെടിമരുന്നിന്റെ ധൂമപടലങ്ങൾകൊണ്ടു് ഇരുളാർന്ന ആ പാരീസിൽ ഘോരമായ പോരാട്ടം നടന്നുകൊണ്ടിരിക്കേത്തന്നെ മാർക്സ് പ്രഖ്യാപിച്ചു: ''എന്നാൽ കമ്മ്യൂൺ അടിച്ചമർത്തപ്പെട്ടുപോകയാണെങ്കിൽപോലും സമരം താൽക്കാലികമായി നിർത്തിവെയ്ക്കപ്പെടുക മാത്രമേയുള്ളൂ. കമ്മ്യൂണിന്റെ തത്വങ്ങൾ അനശ്വരമാണു്. അവയെ നശിപ്പിക്കാൻ സാദ്ധ്യമല്ല. തൊഴിലാളിവർഗ്ഗം അതിന്റെ വിമോചനം നേടുന്നതുവരെ അവ വീണ്ടും വീണ്ടും തലപൊക്കുന്നതാണു്.''

തൊഴിലാളിവർഗ്ഗത്തിന്റെ മഹൽ ഗുരുനാഥന്മാരായ മാർക്സും എംഗൽസും പാരീസ് കമ്മ്യൂണിന്റെ പ്രായോഗിക പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ആകത്തുകയായി സമാഹരിച്ച വിപ്ലവപരമായ തത്വങ്ങൾ എന്തൊക്കെയാണു്?

ഒററവാക്കിൽ, ''തെയ്യാറാക്കിവെച്ച ഭരണകൂടത്തിന്റെ യന്ത്രത്തെ തൊഴിലാളിവർഗ്ഗത്തിന്നു് അപ്പാടെ കൈകളിലേറെറടുക്കുകമാത്രം ചെയ്യാനും അതിനെ അതിന്റേതായ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താനും സാദ്ധ്യമല്ല.'' തൊഴിലാളിവർഗ്ഗം പഴയ ഭരണകൂടയന്ത്രത്തെ ''തച്ചുടയ്ക്കാനും'' ''തകർത്തു തരിപ്പണമാക്കാനും'' വേണ്ടി വിപ്ലവപരമായ അക്രമപ്രയോഗം ഉപയോഗിക്കുകയും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം നടപ്പിൽ വരുത്തുകയും ചെയ്തേ തീരൂ.

ഈ തത്വം വിശദീകരിക്കവെ മാർക്സ് ഇപ്രകാരം ഊന്നിപ്പറഞ്ഞു: തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ ഒന്നാമത്തെ ഉപാധി ''തൊഴിലാളി വർഗ്ഗത്തിന്റേതായ ഒരു സേനയാണു്. തൊഴിലാളിവർഗ്ഗം അതിന്റെ മോച

നത്തിനുള്ള അവകാശം പോർക്കളത്തിൽ വെച്ച് നേടുക തന്നെ വേണം." വിപ്ലവപരമായ സായുധശക്തിയിൽ ആശ്രയിക്കുകവഴി മാത്രമേ തൊഴിലാളിവർഗ്ഗത്തിനു് പിന്തിരിപ്പൻ വർഗ്ഗങ്ങളുടെ ഭരണം മറിച്ചിടാനും അതിന്റെ മുഴുവൻ ചരിത്രപരമായ ദൌത്യം നിറവേററുന്നതിലേക്കു് നീങ്ങാനും കഴികയുള്ളൂ.

മാർക്സ് ഇതുകൂടിപ്പറഞ്ഞു: തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ ഭരണകൂടം ''പ്രവർത്തനത്തിലേർപ്പെട്ട, പാർലിമെൻററിയല്ല, ഒരു സംഘടനയായിരിക്കുന്നതാണു്; അതു് ഒരേ സമയം തന്നെ കാര്യ നിർവ്വാഹക സംഘടനയും നിയമനിർമ്മാണ സംഘടനയുമായിരിക്കുന്നതാണു്."

ലെനിൻ പറഞ്ഞപോലെ: ''ഭരണകൂടത്തിന്റെ വിഷയത്തെ സംബന്ധിച്ചുള്ള മാർക്സിസത്തിന്റെ ഏററവും മുഴച്ചുനില്ക്കുന്നതും ഏററവും സുപ്രധാനവുമായ ആശയങ്ങളിലൊന്നു് 'തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റെ' (പാരീസ് കമ്മ്യൂണിന്നു് ശേഷം മാർക്സും എംഗൽസും അതിനെ അപ്രകാരം വിളിക്കാൻ തുടങ്ങി) ആശയം'' ആണു്. ബൂർഷ്വാഭരണയന്ത്രം തകർത്തു തരിപ്പണമാക്കാനും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം സ്ഥാപിക്കാനുംവേണ്ടി വിപ്ലവപരമായ അക്രമപ്രയോഗത്തിൽ അടിയുറച്ചു് നില്ക്കേണമോ അഥവാ ബൂർഷ്വാ ഭരണകൂടത്തിന്റെ യന്ത്രം നിലനിർത്തിപ്പോരികയും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെ എതിർക്കുകയും ചെയ്യണമോ—മാർക്സിസം ഒരുവശത്തും തിരുത്തൽവാദം, പരിഷ്കരണവാദം, അരാജകവാദം തുടങ്ങിയ എല്ലാ തരങ്ങളിലുംപെട്ട ബൂർഷ്വാ, പെററിബൂർഷ്വാ പ്രത്യയശാസ്ത്രം മറുവശത്തും തമ്മിലുള്ള തുടരെത്തുടരെയുള്ള സമരങ്ങളുടെ കേന്ദ്രബിന്ദുവും, കഴിഞ്ഞ നൂറു് വർഷങ്ങളിൽ സാർവ്വദേശീയ കമ്മ്യൂണിസ്റ്റു് പ്രസ്ഥാനത്തിലെ രണ്ടു ലൈനുകൾ തമ്മിൽ നടന്ന തുടരെത്തുടരെയുള്ള സമരങ്ങളുടെ കേന്ദ്രബിന്ദുവും ഇതായിരുന്നു. അതെ, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യ

ത്തിൻെറ ഈ മൗലികപ്രശ്നത്തിന്മേൽ തന്നെയാണ് രണ്ടാം ഇൻറർനാഷനലിൻെറ തിരുത്തൽവാദം തൊട്ട് സോവിയററ് തിരുത്തൽവാദവർഗ്ഗവഞ്ചകക്ലിക്ക് കേന്ദ്രമായിക്കൊണ്ടുള്ള ആധുനിക തിരുത്തൽവാദം വരെയുള്ള എല്ലാതിരുത്തൽവാദവും മാർക്സിസത്തെ പൂർണ്ണമായും വഞ്ചിക്കയുണ്ടായത്.

തൊഴിലാളിവർഗ്ഗ വിപ്ലവത്തിൻെറയും തൊഴിലാളി വർഗ്ഗസർവ്വാധിപത്യത്തിൻേറയുമായ മാർക്സിസ്റ്റ് സിദ്ധാന്തം അജയ്യമാണെന്ന് ഈ ഒരു നൂററാണ്ടിൻെറ ചരിത്രം പൂർണ്ണമായും തെളിയിച്ചിട്ടുണ്ട്.

പാരീസ് കമ്മ്യൂൺ ഉയിത്തെഴുന്നേൽപ്പ് കഴിഞ്ഞിട്ട് നാല്പത്താറു വർഷങ്ങൾക്കുശേഷം മഹാനായ ലെനിനാൽ നയിക്കപ്പെട്ടുകൊണ്ട് റഷ്യയിലെ തൊഴിലാളിവർഗ്ഗം സായുധ ഉയിത്തെഴുന്നേൽപ്പിൽക്കൂടി ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിൽ വിജയം വരിക്കുകയും തൊഴിലാളി വർഗ്ഗവിപ്ലവത്തിൻെറയും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻെറയുമായ ഒരു പുതുലോകയുഗത്തിൻെറ കവാടം തുറക്കുകയും ചെയ്തു. ലെനിൻ പറഞ്ഞു: പഴയ ഭരണകൂടത്തിൻെറ യന്ത്രം തകർക്കുന്ന പാതയെ സംബന്ധിച്ചിടത്തോളം ''പാരീസ് കമ്മ്യൂൺ ഒന്നാമത്തെ ലോകചരിത്രപ്രധാനമായ കാൽവെപ്പ് വെച്ചു...................സോവ്യററ് ഗവൺമെണ്ട് രണ്ടാമത്തേതും.''

പാരീസ് കമ്മ്യൂൺ ഉയിത്തെഴുന്നേല്പ് കഴിഞ്ഞിട്ട് എഴുപത്തെട്ട് വർഷങ്ങൾക്കുശേഷം മഹാനായ നേതാവ് ചെയർമാൻ മാവോവാൽ നയിക്കപ്പെട്ടുകൊണ്ട് ചൈനീസ് ജനത വിപ്ലവത്തിൽ വിജയം വരിച്ചു. ഉൾനാടൻ താവളപ്രദേശങ്ങൾ സ്ഥാപിക്കുകയും നാട്ടിൻ പുറത്തുനിന്നു നഗരങ്ങളെ വലയം ചെയ്യുകയും അവസാനമായി നഗരങ്ങളെ പിടിച്ചടക്കുകയും ചെയ്യുന്നതിൽ ചെയർമാൻ മാവോ ഉജ്ജ്വലമായൊരു പുതുപന്ഥാവ് വെട്ടിത്തുറന്നു. സാമ്രാജ്യത്വത്തിൻെറയും ഫ്യൂഡലിസത്തിൻെറയും ഉദ്യോഗസ്ഥ മേധാവിത്വ മുതലാളിത്തത്തിൻേറയും പിന്തിരിപ്പൻ ഭര

ണം മറിച്ചിടുന്നതിലും, പഴയ ഭരണകൂടത്തിന്റെ യന്ത്രം തച്ചുടക്കുകയും ചൈനയിൽ ജനകീയ ജനാധിപത്യസർവ്വാധിപത്യം, അതായത് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം, നടപ്പിലാക്കുകയും ചെയ്യുന്നതിലും ചൈനീസ് ജനതയെ ദീർഘിച്ചുപോകുന്ന വിപ്ലവപരമായ യുദ്ധങ്ങളിലൂടെ അദ്ദേഹം നയിച്ചു. അന്നുതൊട്ട് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻ കീഴിൽ വിപ്ലവം തുടർന്നുകൊണ്ടേ പോകുകയും സോഷ്യലിസ്റ്റ് പന്ഥാവിലൂടെ വിജയശ്രീലാളിതമായി മുന്നേറുകയും ചെയ്യുന്നതിൽ ചെയർമാൻ മാവോ ചൈനീസ്ജനതയെ നയിച്ചിട്ടുണ്ട്, ഇന്നും നയിക്കുയാണ്.

ഇക്കഴിഞ്ഞ നൂററാണ്ടിൽ ധീരതയോടെ പോരാടിയും അലകാംകുമേലെ അലകളെന്നോണം മുന്നേറിയും പരസ്പരം പിന്തുണ നല്കിയും പ്രോത്സാഹനം നല്കിയും കൊണ്ട് തൊഴിലാളിവർഗ്ഗവും ലോകത്തെ മർദ്ദിതജനതയും മർദ്ദിതരാഷ്ട്രങ്ങളും സോഷ്യലിസ്റ്റ് വിപ്ലവത്തേയും ദേശീയ ജനാധിപത്യ വിപ്ലവത്തേയും പടുത്തുയർത്തിയിട്ടുണ്ട്; എത്രയും ഉജ്ജ്വലമായ വിജയങ്ങൾ നേടിയിട്ടുമുണ്ട്. സഖാവ് മാവോ സേതുങ്ങ് ചൂണ്ടിക്കാട്ടിയപോലെ: ''ലോക മുതലാളിത്തവും സാമ്രാജ്യത്വവും അവയുടെ പരിപൂർണ്ണ വിനാശത്തിലേക്ക് വീണുകൊണ്ടിരിക്കുന്നതും, ലോകസോഷ്യലിസവും ജനകീയ ജനാധിപത്യവും പരിപൂർണ്ണ വിജയത്തിലേക്ക് മാർച്ചു ചെയ്യുന്നതുമായ ആ ചരിത്ര പ്രാധാന്യമേറിയ യുഗമാണിത്.'' ഇന്നത്തെ പുതിയ ചരിത്ര സാഹചര്യങ്ങളിൽ കൂടുതലുയർന്നൊരു ഘട്ടത്തിൽ നിന്നുകൊണ്ട് പാരീസ് കമ്മ്യൂണിന്റെ ആദർശലക്ഷ്യം എല്ലാ കോണുകളിലും എല്ലാമൂലകളിലും വ്യാപിക്കുകയാണ്. ലോകത്തിന്ന് ഭൂമികുലുക്കുന്നൊരു മാററം സംഭവിച്ചു കഴിഞ്ഞു.

പാരീസ് കമ്മ്യൂണിന്റെ പത്താം വാർഷികം ആഘോഷിക്കവെ, മാർക്സും എംഗൽസും ആഹ്ളാദലഹരി നിറഞ്ഞ വിപ്ലവ വികാരത്തോടെ യൂറോപ്പിലെ തൊഴിലാളി വർഗ്ഗ

ത്തോടു് പറഞ്ഞു : ''അങ്ങിനെ ഉന്മൂലനം ചെയ്യപ്പെട്ടു കഴിഞ്ഞുവെന്നു് പഴയലോകത്തിന്റെ ശക്തികൾ വിശ്വസിച്ച ആ കമ്മ്യൂൺ ഇതാ എന്നത്തേക്കാളേറെ ശക്തിയോടെ ഇന്നും ജീവിക്കുന്നു. ഇക്കാരണംകൊണ്ടുതന്നെ നമുക്കു് ഒന്നായിച്ചേർന്നുകൊണ്ടാർത്തു വിളിക്കാം: വിവേ ലാ കമ്മ്യൂൺ (കമ്മ്യൂൺ നീണാൾ വാഴട്ടെ!)''. ഇന്നു് പാരീസ് കമ്മ്യൂൺ ഉയർത്തിയ ആ വിപ്ലവത്തീപ്പന്തത്തിന്റെ ജ്വാലകൾ ലോകത്താകമാനം ആളിജ്വലിക്കുകയാണു്, സാമ്രാജ്യത്വത്തിന്റെയും സോഷ്യൽ സാമ്രാജ്യത്വത്തിന്റെയും എല്ലാ പിന്തിരിപ്പത്വത്തിന്റെയും അവസാന നാളുകൾ കുറിച്ചു കഴിഞ്ഞു. അത്തരമൊരു സമയത്തു് പാരീസ് കമ്മ്യൂണിന്റെ ശതാബ്ദിയാഘോഷിക്കുന്നതിൽ ലോകമാസകലമുള്ള മാർക്സിസ്റ്റു്-ലെനിനിസ്റ്റുകാർക്കും തൊഴിലാളിവർഗ്ഗത്തിന്നും വിപ്ലവജനതക്കും അതിരററ ആത്മവിശ്വാസത്തോടുകൂടി, കമ്മ്യൂൺ നീണാൾ വാഴട്ടെ, തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെയും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെയും വിജയം നീണാൾ വാഴട്ടെ, എന്നാർത്തു വിളിക്കാൻ എന്നത്തേക്കാൾ കൂടുതൽ ന്യായമുണ്ടു്.

പാരീസ് കമ്മ്യൂണിന്നു് സ്മരണാഞ്ജലികളർപ്പിക്കുമ്പോൾ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റേയുമായ മാർക്സിസ്റ്റു്-ലെനിനിസ്റ്റു് സിദ്ധാന്തം നാം പഠിക്കേണ്ടതും, ചരിത്രപരമായ അനുഭവത്തിൽനിന്നു് പഠിക്കേണ്ടതും, സോവ്യററു് തിരുത്തൽവാദ വർഗ്ഗവഞ്ചകക്ലിക്കു് കേന്ദ്രമായിക്കൊണ്ടുള്ള ആധുനിക തിരുത്തൽവാദത്തെ വിമർശിക്കേണ്ടതും, മാർക്സിസ്റ്റു്-ലെനിനിസ്റ്റു് വിപ്ലവലൈനിൽ അടിയുറച്ചു നില്ക്കേണ്ടതും, ഇനിയും കൂടുതൽ വമ്പിച്ച വിജയങ്ങൾ നേടാനായി ലോകജനതയുമായി ഒന്നിക്കേണ്ടതുമാണു്.

## 2. വിപ്ലവകാരികളായ ജനങ്ങളെ സംബന്ധിച്ചിടത്തോളം തോക്കുകൾ സ്വന്തം കൈകളിലാക്കുകയെന്നതു് അങ്ങേയററം പ്രാധാന്യമുള്ള ഒരു കാര്യമാണ്

വിപ്ലവപരമായ ആയുധങ്ങളുടെ മീതെ പിടുത്തമുറപ്പിക്കുകയെന്നതു് തൊഴിലാളിവർഗ്ഗവിപ്ലവത്തെ സംബന്ധിച്ചും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെ സംബന്ധിച്ചും അങ്ങേയററം പ്രാധാന്യമുള്ളൊരു കാര്യമാണെന്നു് പാരീസ് കമ്മ്യൂണിന്റെ ചരിത്രാനുഭവം പൂർണ്ണമായും വ്യക്തമാക്കിയിട്ടുണ്ടു്.

പാരീസ് കമ്മ്യൂണിന്റെ അനുഭവം വിശദീകരിക്കവെ, ഫ്രാൻസിലെ ഓരോരോവിപ്ലവത്തിൽനിന്നും ആയുധങ്ങളോടുകൂടിയായിരുന്നു തൊഴിലാളികൾ രംഗത്തുവന്നതെന്നും അതിനാൽ ഭരണകൂടത്തിന്റെ ചുക്കാൻപിടിച്ചിരുന്ന ബൂർഷ്വാകളെ സംബന്ധിച്ചിടത്തോളം തൊഴിലാളികളെ നിരായുധരാക്കുകയെന്നതായിരുന്നു അവരുടെ ഒന്നാമത്തെ അലംഘനീയമായ ചുമതല എന്നുമുള്ള എംഗൽസിന്റെ സുപ്രധാനമായ നിഗമനത്തിലേക്കു് ലെനിൻ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. എംഗൽസിന്റെ ഈ നിഗമനത്തെപ്പററി ലെനിൻ ഇപ്രകാരം അഭിപ്രായപ്പെട്ടു: "കാര്യത്തിന്റെ സത്ത—എന്നുമാത്രമല്ല, ഭരണകൂടത്തിന്റെ പ്രശ്നത്തിന്റേതുകൂടിയും (മർദ്ദിതവർഗ്ഗത്തിന്നു് ആയുധങ്ങളുണ്ടോ?) — ഇവിടെ അത്ഭുതകരമാംവണ്ണം അസ്സലായി ഗ്രഹിച്ചിട്ടുണ്ടു്."

സായുധ വിപ്ലവവും സായുധ പ്രതിവിപ്ലവവും തമ്മിലുള്ള തീക്ഷ്ണമായ സമരത്തിലായിരുന്നു പാരീസ് കമ്മ്യൂൺ ജന്മമെടുത്തതു്. പാരീസ് കമ്മ്യൂണിന്റെ ആ എഴുപത്തിരണ്ടു് ദിവസങ്ങൾ സായുധ ഉയിർത്തെഴുന്നേല്പിന്റേയും, സായുധ സമരത്തിന്റേയും, സായുധ പ്രതിരോധത്തിന്റേയുമായ എഴുപത്തിരണ്ടു് ദിവസങ്ങളായിരുന്നു.

പാരീസിലെ തൊഴിലാളിവർഗ്ഗം തോക്കുകൾ കൈകളിലാക്കിക്കഴിഞ്ഞിട്ടുണ്ടെന്ന ആ നഗ്നമായ വസ്തുത ബൂർഷ്വാ പിന്തിരിപ്പന്മാരുടെ കരളുകളിൽ അങ്ങേയററം ഭീതി പകർത്തി. എന്നാൽ പ്രതിവിപ്ലവത്തോടു് അതിർകടന്ന മഹാമനസ്കത കാട്ടുകയും ഇതിൻ ഫലമായി അടിയന്തിരമായി വെർസെയിൽസിൻെറ (പ്രതിവിപ്ലവം കേന്ദ്രീകരിച്ച ആസ്ഥാനം) നേരെ ആക്രമണമഴിച്ചുവിടാതിരിക്കുകയും അങ്ങിനെ വിപ്ലവപരമായ പാരീസിൻെറ നേരെ ആഞ്ഞടിക്കാനുതകുമാറു് തൻെറ പിന്തിരിപ്പൻ ശക്തികളെ സജ്ജീകരിക്കാൻ തീയേർസിന്നു് തെല്ലൊരിട നല്കുകയും ചെയ്തു എന്ന ഒരേയൊരു വസ്തുതയിലാണു് പാരീസ് കമ്മ്യൂണിന്നു് പററിയ മാരകമായ ആ തെററു് സ്ഥിതി ചെയ്യുന്നതു്. എംഗൽസ് പറഞ്ഞപോലെ: ''സായുധ ജനതയുടെ ഈ അധികാരം ബൂർഷ്വാകൾക്കെതിരായി അതു് ഉപയോഗപ്പെടുത്തിയിരുന്നില്ലെങ്കിൽ പാരീസ് കമ്മ്യൂണിന്നു് ഒരൊററ ദിവസംപോലും നിലനില്ക്കാൻ കഴിയുമായിരുന്നോ? നേരെമറിച്ചു് ഈ അധികാരത്തെ നിർല്ലോഭം ഉപയോഗപ്പെടുത്തിയില്ലെന്നു് നമുക്കതിനെ കുററപ്പെടുത്തേണ്ടതില്ലേ?''

സായുധ സമരത്തിൻെറയും ജനകീയ സേനയുടെയും വമ്പിച്ച പ്രാധാന്യം സഖാവു് മാവോ സെതുങ്ങു് രത്നച്ചുരുക്കത്തിൽ വിലയിരുത്തുകയും ''രാഷ്ട്രീയാധികാരം തോക്കിൻ കുഴലിലൂടെയാണു് വളരുന്നതു്'' എന്ന പ്രശസ്തിയാർജ്ജിച്ച നിഗമനം മുന്നോട്ടു വെക്കുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹം ചൂണ്ടിക്കാട്ടുന്നു: ''ഭരണകൂടത്തെ സംബന്ധിച്ച മാർക്സിസ്റ്റു് സിദ്ധാന്തമനുസരിച്ചു് ഭരണാധികാരത്തിൻെറ മുഖ്യഘടകം സായുധസേനയാണു്. ആരൊക്കെ ഭരണാധികാരം പിടിച്ചുപററാനും നിലനിർത്താനും ആഗ്രഹിക്കുന്നുവോ അവർക്കെല്ലാം ഒരു സുശക്തമായ സായുധസേന ഉണ്ടായേ തീരൂ.''

ഹിംസാത്മകമായ വിപ്ലവമാണ് തൊഴിലാളി വർഗ്ഗ വിപ്ലവത്തിൻെറ സാർവ്വത്രികതത്വം. ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടി ഈ സാർവ്വത്രികതത്വത്തിൽ അടിയുറച്ചു നില്ക്കേണ്ടതും ഈ തത്വത്തെ അതിൻെറ സ്വന്തം രാജ്യത്തിലെ സമൂർത്തമായ പ്രവർത്തനത്തിൽ പ്രയോഗിക്കേണ്ടതുമാണ്. ഒരു രാജ്യത്തിലെ തൊഴിലാളിവർഗ്ഗത്തിനും മറ്റിതരജനതക്കും രാഷ്ട്രീയാധികാരം പിടിച്ചുപററാനും തങ്ങളുടെ വിപ്ലവത്തിൽ വിജയം കൈവരുത്താനും സാധ്യമാകുന്നത് എല്ലായ്പ്പോഴും മുടക്കമില്ലാതെ തോക്കിൻെറ ശക്തി കൊണ്ടാണെന്ന് ചരിത്രാനുഭവം കാട്ടിത്തരുന്നു. ഇവ രണ്ടും സാധിതപ്രായമാകുന്നത് ഒരു തൊഴിലാളിവർഗ്ഗ പാർട്ടിയുടെ നേതൃത്വത്തിൻ കീഴിൽ ആ രാജ്യത്തിലെ സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുക വഴിയും, വിപുലമായ ബഹുജനവിഭാഗങ്ങളെ കർമ്മോന്മുഖരാക്കാൻ വേണ്ടി തട്ടിയുണർത്തുകയെന്ന അടിസ്ഥാനത്തിൽ പടിപടിയായി ജനകീയ സായുധ സേനകളെ കെട്ടിപ്പടുക്കുകയും ഒരു ജനകീയ യുദ്ധത്തിലേർപ്പെടുകയും ചെയ്യുക വഴിയും, സാമ്രാജ്യവാദികൾക്കും പിന്തിരിപ്പന്മാർക്കുമെതിരായി തുടരെത്തുടരെയുള്ള സമരങ്ങളഴിച്ചുവിടുക വഴിയും ആണ്. റഷ്യൻ വിപ്ലവത്തെ സംബന്ധിച്ചും ചൈനീസ് വിപ്ലവത്തെ സംബന്ധിച്ചും അൽബേനിയ, വിയററ്നാം, കൊറിയ തുടങ്ങിയ രാജ്യങ്ങളിലെ വിപ്ലവങ്ങളെ സംബന്ധിച്ചും ഇതു് ശരിയാണ്. മറിച്ചൊരുദാഹരണമില്ലതന്നെ.

അതേസമയം വിപ്ലവപരമായ സായുധസേന കെട്ടിപ്പടുക്കാൻ പരാജയപ്പെടുകയോ അഥവാ അവയെ കൈവെടിയുകയോ ചെയ്യുന്ന പക്ഷം ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടിക്കു് വിപ്ലവത്തിൽ തിരിച്ചടികൾ പററുന്നതാണ്. ഇക്കഴിഞ്ഞ കാലങ്ങളിൽ എത്രയെത്ര ഗുരുതരമായ പാഠങ്ങൾ നമുക്കു് പഠിക്കാനായുണ്ടായി! തോക്കുകൾ സ്വന്തം കൈകളിലാക്കുന്നതിൽ ചില പാർട്ടികൾ പരാജയപ്പെട്ടു. അങ്ങിനെ അവ സാമ്രാജ്യത്വവും അതിൻെറ പിണിയാളുകളും പൊടുന്നനവെ അഴിച്ചുവിട്ട ആക്രമണങ്ങളുടെയും

പ്രതിവിപ്ലവപരമായ അടിച്ചമർത്തലിന്റെയും മുന്നിൽ തികച്ചും നിസ്സഹായരാകുകയും ചെയ്തു. തൽഫലമായി ദശലക്ഷക്കണക്കിനുള്ള വിപ്ലവകാരികളായ ജനങ്ങൾ കൂട്ടക്കൊലക്കിരയാകുകയുണ്ടായി. വിപ്ലവജനത ആയുധങ്ങൾ സ്വന്തം കൈകളിൽ ഇതിനിടെത്തന്നെ ഏറ്റെടുത്തു കഴിയുകയും തങ്ങളുടെ സായുധസേനകൾ വൻതോതിൽ വളച്ച് പ്രാപിക്കുകയും ചെയ്ത ചില ഉദാഹരണങ്ങളിൽ ചില പാർട്ടികൾ ബൂർഷ്വാ ഗവൺമെന്റുകളിൽ ഔദ്യോഗികസ്ഥാനങ്ങൾ തേടുകയോ അല്ലെങ്കിൽ പിന്തിരിപ്പന്മാരാൽ വഞ്ചിക്കപ്പെടുകയോ ചെയ്ത കാരണം ജനകീയ സായുധസേനകളെ ഏല്പിച്ചുകൊടുക്കുകയും വിപ്ലവത്തിന്റെ നേട്ടങ്ങളെ അടിയറ വെക്കുകയും ചെയ്യുകയുണ്ടായി.

കഴിഞ്ഞ ദശകങ്ങളിൽ, ധാരാളം കമ്മ്യൂണിസ്റ്റ്പാർട്ടികൾ തിരഞ്ഞെടുപ്പുകളിലും പാർലിമെന്റുകളിലും പങ്കെടുത്തിട്ടുണ്ട്. പക്ഷെ ഇവയിലൊന്നും തന്നെ ഇത്തരം മാർഗ്ഗങ്ങൾ വഴി ഒരു തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം സ്ഥാപിച്ചിട്ടില്ല. ഒരു കമ്മ്യൂണിസ്റ്റ്പാർട്ടി പാർലിമെന്റിൽ ഭൂരിപക്ഷം നേടുകയോ അല്ലെങ്കിൽ ഗവണ്മെന്റിൽ പങ്കാളിയാവുകയോ ആണെങ്കിൽപോലും ഇതുകൊണ്ട് ബൂർഷ്വാ രാഷ്ട്രീയാധികാരത്തിന്റെ സ്വഭാവത്തിൽ വല്ല മാററവും ഉണ്ടായെന്നർത്ഥമാകുന്നില്ല. പഴയ ഭരണയന്ത്രത്തെ തകർക്കുന്നുവെന്നതിനെപ്പററി പിന്നെ പറയാനുമില്ലല്ലൊ. പിന്തിരിപ്പൻ ഭരണവർഗ്ഗങ്ങൾക്ക് തിരഞ്ഞെടുപ്പ് അസാധുവും നിഷ്ഫലവുമായി പ്രഖ്യാപിക്കാനും പാർലിമെന്റ് പിരിച്ചുവിടാനും അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയെ ഗളഹസ്തം ചെയ്യാനായി നേരിട്ട് ബലപ്രയോഗം ഉപയോഗിക്കാനും കഴിയുന്നതാണ്. ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടി ബഹുജനപ്രവർത്തനം ചെയ്യാതിരിക്കുകയും സായുധസമരം നിരാകരിക്കുകയും പാർലിമെന്ററി തിരഞ്ഞെടുപ്പുകളെ ദിവ്യശക്തിയുള്ള ഒന്നായി കരുതുകയുമാണെങ്കിൽ അതു് ബഹുജനങ്ങളെ മയക്കുകയും അതിനെത്തന്നെ അധഃപതിപ്പിക്കുകയും മാത്രമാണ് ചെയ്യുന്നതു്. ബൂർഷ്വാസി പാർലിമെണ്ടറി തിരഞ്ഞെടുപ്പു

കരംവഴി ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയെ വിലക്കുവാങ്ങുകയും ഒരു തിരുത്തൽവാദപ്പാർട്ടിയായി, ബൂർഷ്വാസിയുടെ ഒരു പാർട്ടിയായി, മാററുകയുംചെയ്യുന്നു — ഇത്തരം ഉദാഹരണങ്ങരം ചരിത്രത്തിൽ വിരളമാണോ?

തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ച് പററാനായി തോക്കുകരം ഉപയോഗിക്കുകതന്നെ വേണം. പോരാ, ഈ അധികാരത്തെ കാത്തുരക്ഷിക്കാനായി തോക്കുകരം ഉപയോഗിക്കുകതന്നെ വേണം. ഒരു മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൻ കീഴിലുള്ള ആ ജനകീയ സേനയാണ് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ നെട്ടംതൂണാകുന്നതു്. മാത്രമോ, മുതലാളിത്തത്തിന്റെ പുനഃസ്ഥാപനം തടയാൻവേണ്ടിയുള്ള വിവിധ ഘട്ടങ്ങളിൽ ഇതാണ് മുഖ്യമാകുന്നതു്. മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പ്രത്യയശാസ്ത്രത്താൽ സായുധമായ ഒരു ജനകീയസേന ഉള്ളിടത്തോളം കാലം തൊഴിലാളിവർഗ്ഗത്തിന്നു് അഭ്യന്തരമോ സാർവ്വദേശീയമോ ആയ വർഗ്ഗസമരത്തിലെ ഏതൊരു സങ്കീർണ്ണമായ സാഹചര്യത്തേയും വേണ്ടുംവണ്ണം കൈകാര്യംചെയ്യാനും അങ്ങിനെ തൊഴിലാളിവർഗ്ഗ ഭരണകൂടത്തെ സംരക്ഷിക്കാനും കഴിയുന്നതാണ്.

മർദ്ദിത രാഷ്ട്രങ്ങളുടെ സമകാലീന വിമോചന പ്രസ്ഥാനം തൊഴിലാളിവർഗ്ഗ ലോകവിപ്ലവത്തിന്റെ ഒരു സുപ്രധാനഘടകവും ഒരു മഹത്തായ സഖ്യശക്തിയുമാണ്. ദേശീയ ജനാധിപത്യവിപ്ലവവും സോഷ്യലിസ്റ്റ് വിപ്ലവവും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നതു്. അതേ സമയംതന്നെ ഒന്നു മറെറാന്നിൽ നിന്നു് തികച്ചും വ്യത്യസ്തവുമാണ്. അവ രണ്ടു വ്യത്യസ്ത ഘട്ടങ്ങളെ പ്രതിനിധീകരിക്കുന്നു, സ്വഭാവത്തിലാണെങ്കിൽ വ്യത്യസ്തമാണുതാനും. എന്നിരിക്കിലും ദേശീയ ജനാധിപത്യവിപ്ലവത്തിൽ പരിപൂർണ്ണ വിജയം നേടുന്നതിന്നുവേണ്ടി സാമ്രാജ്യവാദികളും പിന്തിരിപ്പന്മാരുമായുള്ള ഒരു സായുധ ബലപരീക്ഷണത്തിന്നു് തയ്യാറെടുക്കേണ്ടതു് അതേപോലെത്തന്നെ ആവശ്യമായിവരുന്നു. മർദ്ദിത രാഷ്ട്രങ്ങളെ സം

ബന്ധിച്ചും തോക്കുകൾ സ്വന്തം കൈകളിലാക്കുകയെന്ന തു് അതേപോലെത്തന്നെ അങ്ങേയററം പ്രാധാന്യമുള്ള ഒരു കാര്യമാണു്.

രണ്ടാം ലോകമഹായുദ്ധത്തെ തുടന്നു് അമേരിക്കൻ ഐക്യനാടുകളുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വവും കൊളോണിയലിസവും പുത്തൻ കൊളോണിയലിസവും ആക്രമണപരമായ യുദ്ധങ്ങൾ ഇടതടവില്ലാതെ തൊടുത്തുവിടുകയും സ്വാതന്ത്ര്യത്തിന്നുവേണ്ടി പോരാടുന്നതോ അല്ലെങ്കിൽ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതോ ആയ രാജ്യങ്ങളേയും ജനങ്ങളേയും അടിച്ചമത്താനായി കൂലിപ്പട്ടാളങ്ങളെ ഉപയോഗിച്ചു് സൈനീക ഇടപെടൽ, സായുധ അട്ടിമറി, ആക്രമണം തുടങ്ങിയ വിക്രിയകളിൽ കൂടുതൽ കൂടുതൽ വ്യാപൃതരാവുകയും ചെയ്തിട്ടുണ്ടു്. കഴിഞ്ഞ ഇരുപത്തഞ്ചുവഷങ്ങളിൽ അമേരിക്കൻ സാമ്രാജ്യത്വം 50തിലേറെ സന്ദർഭങ്ങളിൽ സായുധ ഇടപെടലുകളും സായുധ ആക്രമണങ്ങളും കുത്തിപ്പൊക്കുകയും തൊടുത്തുവിടുകയും ചെയ്തിട്ടുണ്ടെന്നു് അപൂണ്ണമായ സ്ഥിതിവിവരക്കണക്കുകൾ കാട്ടിത്തരുന്നു. അമേരിക്ക ആസൂത്രണംചെയ്ത സായുധ അട്ടിമറികളെപ്പററി പറകയാണെങ്കിൽ എണ്ണമററ ഉദാഹരണങ്ങളാണു് നമ്മുടെ മുമ്പിലുള്ളതു്. അതിനാൽ വിമോചനം നേടാനും തങ്ങളുടെ ദേശീയ സ്വാതന്ത്ര്യവും ഭരണകൂടത്തിൻെറ പരമാധികാരവും കാത്തുരക്ഷിക്കാനും സാമ്രാജ്യത്വവും അതിൻെറ പിണിയാളുകളും അഴിച്ചുവിടുന്ന ആക്രമണങ്ങളേയും അട്ടിമറികളേയും ഫലപ്രദമായി നേരിടാനും കഴിയണമെങ്കിൽ എല്ലാ മദ്ദിത രാഷ്ട്രങ്ങൾക്കും തങ്ങളുടെ സ്വന്തം സാമ്രാജ്യത്വ വിരുദ്ധ സായുധസേനകൾ ഉണ്ടാകേണ്ടതും ആക്രമണപരമായ യുദ്ധങ്ങളെ വിപ്ലവപരമായ യുദ്ധങ്ങൾകൊണ്ടു് നേരിടാൻ ഏതുസമയത്തും തയ്യാറായിരിക്കേണ്ടതുമാണു്. വിയററ്നാം, ലാവോസ്, കമ്പോഡിയ എന്നീ മൂന്നു രാജ്യങ്ങളിലെ ജനങ്ങൾ അമേരിക്കൻ ആക്രമണത്തിന്നെതിരായും ദേശീയ മോചനത്തിന്നുവേണ്ടിയും പൊരുതുന്ന ആ യുദ്ധം ലോകമാകമാനമുള്ള മദ്ദിത രാഷ്ട്രങ്ങൾക്കും ജനങ്ങൾക്കും ഉജ്ജ്വലമായൊരു മാതൃക സൃഷ്ടിച്ചിട്ടുണ്ടു്. ആക്രമണത്തിന്നും അട്ടിമറിക്കുമെതിരായി ഏഷ്യ, ആഫ്രി

ക്ക, ലാററിനമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ മററു പല രാജ്യങ്ങളിലെയും മേഖലകളിലേയും ജനങ്ങഠം പൊരുതു ന്ന സമരങ്ങളും അതേപോലെത്തന്നെ വിലപിടിച്ച അനു ഭവം നൽകിയിട്ടുണ്ട്.

"ലോകജനങ്ങളേ, ഒന്നിക്കുക—അമേരിക്കൻ ആക്ര മണകാരികളേയും അവരുടെ എല്ലാ വിടുനായ്ക്കളേയും പരാ ജയപ്പെടുത്തുക!" എന്ന തൻെറ പ്രശാന്തഗംഭീരമായ പ്ര സ്താവനയിൽ ചെയർമാൻ മാവോ ചൂണ്ടിക്കാട്ടുന്നു: "ഒരു ക്ഷീണിതമായ രാഷ്ട്രത്തിന്നു് ഒരു ബലവത്തായതിനെ പരാജയപ്പെടുത്താൻ കഴിയുന്നതാണു്, ഒരു ചെറിയ രാഷ്ട്ര ത്തിന്നു് ഒരു വലുതിനെ പരാജയപ്പെടുത്താൻ കഴിയുന്ന താണു്. സമരത്തിന്നിറങ്ങാനവർ തുനിയട്ടെ, ആയുധ ങ്ങഠം സ്വന്തം കൈകളിലെടുക്കാനൊന്നു തുനിയട്ടെ, തങ്ങ ളുടെ രാജ്യത്തിൻെറ ഭാഗധേയം സ്വന്തം കൈകളിൽ മുറുകെ പ്പിടിക്കുകയും ചെയ്യട്ടെ, എങ്കിൽ, ഒരു ചെറിയ രാജ്യത്തെ ജനങ്ങഠംക്കു് ഒരു വൻരാജ്യത്തിൻെറ ആക്രമണത്തെ പരാ ജയപ്പെടുത്താൻ തീർച്ചയായും കഴിയുന്നതാണു്. ഇതൊരു ചരിത്ര നിയമമാണു്."

സഖാവു് ലിൻപിയൊ പറഞ്ഞതപോലെ, "അമേ രിക്കൻ സാമ്രാജ്യത്വത്തിന്നും അതിൻെറ പിണിയാളുകഠം ക്കും എതിരായ ഏററവും ഫലപ്രദമായ ആയുധം ജനകീയ യുദ്ധമാണു്." ലോകമാകമാനമുള്ള തൊഴിലാളിവർഗ്ഗവും മർദ്ദിതജനങ്ങളും മർദ്ദിതരാഷ്ട്രങ്ങളുമെല്ലാം നിരായുധരും യുദ്ധ മുറയിൽ അവിദഗ്ദ്ധരുമാണെന്ന ഒരവസ്ഥയിൽനിന്നു് ആയുധങ്ങഠം സ്വന്തം കൈകളിലേന്തുന്നതും യുദ്ധമുറയിൽ വൈദഗ്ദ്ധ്യം നേടിക്കഴിയുന്നതുമായ ഒരവസ്ഥയിലേക്കു് മാറുന്നതാണു്. അമേരിക്കൻ സാമ്രാജ്യത്വവും അതിൻെറ എല്ലാ പിണിയാളുകളും തങ്ങഠംതന്നെ കൊളുത്തിവിട്ട ജന കീയ യുദ്ധത്തിൻെറ ഉഗ്രമായ തീജ്ജ്വാലകളിൽ അചി രേണ വെന്തു് വെണ്ണീറാകുന്നതാണു്.

## 3. ദശലക്ഷങ്ങളായ ബഹുജനങ്ങളുടെ ആദർശലക്ഷ്യമാണ് വിപ്ലവം

തൊഴിലാളിവർഗ്ഗ വിപ്ലവത്തിലും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലും വിജയം വരിക്കേണമെങ്കിൽ ദശലക്ഷങ്ങൾ വരുന്ന ബഹുജനങ്ങളുടെ വിപ്ലവാവേശത്തിന്മേൽ ആശ്രയിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നും ചരിത്രത്തിന്റെ നിർമ്മാതാക്കളെന്ന അവരുടെ അപാരമായ ശക്തിയെ പൂർണ്ണമായി പ്രവർത്തനത്തിൽ കൊണ്ടുവരികയും വേണമെന്നും പാരീസ് കമ്മ്യൂണിന്റെ ചരിത്രാനുഭവം നമുക്കു് പറഞ്ഞുതരുന്നു. ലെനിൻ പറകയുണ്ടായി: "വർഗ്ഗബോധമുള്ള ദശലക്ഷങ്ങളുടെ വിപ്ലവപ്രവർത്തനം കൂടാതേയും, ബഹുജനധീരതയുടെയും കമ്മ്യൂണിന്റെ കാലത്തു് പാരീസിലെ തൊഴിലാളികളെപ്പററി സംസാരിക്കവേ മാർക്സ് വിശേഷിപ്പിച്ചപോലെ 'സ്വർഗ്ഗത്തെപ്പോലും കടന്നാക്രമിക്കാ'നുള്ള അവരുടെ സന്നദ്ധതയുടേയും കഴിവിന്റേയും ഒരു വമ്പിച്ച തള്ളിക്കയററം കൂടാതേയും ഏകാധിപത്യത്തെ റദ്ദാക്കാൻ കഴിയുന്നതല്ല."

വിപുലമായ ബഹുജനവിഭാഗങ്ങളുടെ വിപ്ലവപരമായ മുൻകൈയ്യിനെ തൊഴിലാളിവർഗ്ഗത്തിന്റെ ആ മഹാനായ ഗുരുനാഥൻ, മാർക്സ്, അങ്ങേയററം വിലമതിക്കുകയും വിപ്ലവപരമായ ബഹുജനപ്രസ്ഥാനത്തോടെടുക്കേണ്ട ശരിയായ നിലപാടിന്റെ ഒരുജ്ജ്വല മാതൃക നമുക്കു് സംഭാവന ചെയ്യുകയും ചെയ്തു.

ഫ്രഞ്ചു് തൊഴിലാളികളുടെ ഒരുയിർത്തെഴുന്നേല്പിനു വേണ്ട സാഹചര്യങ്ങൾ ഇനിയും പാകമായിരുന്നില്ലായെന്നു് മാർക്സ് 1870ലെ ശരത്കാലത്തു, അതായതു് പാരീസ് കമ്മ്യൂണിന്റെ സ്ഥാപനത്തിനു് തൊട്ടുമുമ്പു് ചൂണ്ടിക്കാട്ടി. പക്ഷെ പാരീസിലെ തൊഴിലാളിവർഗ്ഗം സ്വർഗ്ഗത്തെത്തന്നെ കടന്നാക്രമിക്കാൻ പോന്ന വിപ്ലവധീരതയോടുകൂടി 1871 മാർച്ചിൽ കലാപവുമായി ഉണർന്നെഴുന്നേല്ക്കുക

തന്നെ ചെയ്യപ്പോഴും മാർക്സ്" അതിലെ ഒരു പങ്കാളിയെ ന്നോണം സ്വയം കരുതിക്കൊണ്ട് ഉടനടിയും ദൃഢമായും ഈ തൊഴിലാളിവർഗ്ഗവിപ്ലവത്തെ പിന്താങ്ങുകയും സഹായിക്കുകയുമാണ് ചെയ്തത്. കമ്മ്യൂണിന്റെ തെററുകളെ അദ്ദേഹം കൺമുമ്പിൽ കാണുകയും അതിന്റെ വരാനിരിക്കുന്ന സുനിശ്ചിതമായ പരാജയത്തെപ്പററി മുൻകൂട്ടി മനസ്സിലാക്കുകയും ചെയ്തിരുന്നുവെങ്കിൽ പോലും ആ വിപ്ലവത്തെ ഫ്രഞ്ചു തൊഴിലാളിവർഗ്ഗത്തിന്റെ ഏററവും ഉജ്ജ്വലമായ സാഹസികകൃത്യമായി മാർക്സ് കരുതി. കാരണം, "വളരെ വളരെ ഭീമമായ പ്രാധാന്യത്തോടുകൂടിയ ഒരു ചരിത്രാനുഭവമെന്നോണവും, ലോകതൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ ഒരതിരോളമുള്ള മുന്നേററമെന്നോണവും, നൂറുകണക്കിനുള്ള പരിപാടികളേക്കാളും വാദപ്രതിവാദങ്ങളേക്കാളുമെത്രയോ പ്രാധാന്യമേറിയ ഒരു പ്രായോഗിക നടപടിയെന്നോണവു"മായിരുന്നു ഈ പ്രസ്ഥാനത്തെ അദ്ദേഹം പരിഗണിച്ചത്. അക്കാലത്ത് എൽ. കുഗൽമാന്ന് അയച്ച ഒരു കത്തിൽ മാർക്സ് തന്റെ വികാരഭരിതമായ പ്രശംസ ഇപ്രകാരം പ്രകടിപ്പിച്ചു: "എന്തൊരു പാകത, എന്തൊരു ചരിത്രപരമായ മുൻകൈയെടുപ്പ്, ആത്മാർപ്പണത്തിനുള്ള എന്തൊരസാധാരണമായ കഴിവ്, ഈ പാരീസ് ജനതക്ക്!" "ഇതുപോലുള്ള മഹത്വത്തിന്റേതായ ഇത്തരമൊരു മാതൃക ചരിത്രത്തിലില്ലതന്നെ." തൊഴിലാളിവർഗ്ഗവിപ്ലവകാരികളും അവസരവാദികളും തമ്മിലുള്ള ആ നികത്താൻ കഴിയാത്ത അഗാധമായ വിടവ് ഈ കത്തിൽ ലെനിൻ കാണുകയും അതിനെ "സാക്ഷരത്വമുള്ള എല്ലാ റഷ്യൻ തൊഴിലാളികളുടേയും ഗൃഹങ്ങളിൽ നിരന്തരം കാണാനും വായിക്കാനുമായി ചില്ലിട്ടുവെക്കണമെന്ന്" അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു.

മാർക്സിസ്റ്റുകാരിൽനിന്നു് തികച്ചും വിഭിന്നമായി എല്ലാ അവസരവാദികളും പഴയതും പുതുതുമായ തിരുത്തൽവാദികളും, തൊഴിലാളിവർഗ്ഗ വിപ്ലവത്തെയും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെയും എതിർക്കുന്നു; അവക്കു് ബഹുജനങ്ങളോടു് മാരകമായൊരു ഭയവും അങ്ങേയററം വെറുപ്പും അനിവാര്യമായും ഉണ്ടു്; അവർ വിപ്ലവപരമായ ബഹുജനപ്രസ്ഥാനത്തെ പുഛിച്ചു് പരിഹസിക്കുകയും ശപിക്കുകയും അട്ടിമറിക്കുകയും ചെയ്യുന്നു. 1905 ഡിസംബറിലെ റഷ്യൻ സായുധ ഉയിർത്തെഴുന്നേല്പു് പരാജയപ്പെട്ടപ്പോൾ പ്ലഖനോവു് അതിൽനിന്നകന്നുനില്ക്കുകയും ബഹുജനങ്ങളെ "അവർ ആയുധങ്ങൾ കൈകളിലേന്താൻ പാടില്ലായിരുന്നു" എന്നുംപറഞ്ഞു് കുററപ്പെടുത്തുകയും ചെയ്തു. വിപ്ലവപരമായ ബഹുജനപ്രസ്ഥാനത്തോടുള്ള പ്ലഖനോവിന്റെ ഈ രാജകീയ നിലപാടിനെ ലെനിൻ അങ്ങേയററം അമർഷത്തോടെ വിമർശിക്കുകയും മാർക്സിസത്തിന്റെ കുപ്രസിദ്ധനായ ഒരു റഷ്യൻ വഞ്ചകനെന്നു് വിളിച്ചു് അയാളെ അധിക്ഷേപിക്കുകയും ചെയ്തു. 1905ലെ 'പൊതു റിഹേഴ്സൽ' ഇല്ലായിരുന്നെങ്കിൽ 1917 ലെ ഒക്ടോബർ വിപ്ലവത്തിൽ വിജയം അസാദ്ധ്യമാകുമായിരുന്നെന്നു് ലെനിൻ ചൂണ്ടിക്കാട്ടി.

1959ൽ, വിപ്ലവപരമായ ബഹുജന പ്രസ്ഥാനത്തെ അപകീർത്തിപ്പെടുത്തുകയും എതിർക്കുകയുംചെയ്തതിന്നു് പെങ്ങ് തെ-ഹ്വായ് വലതുപക്ഷ അവസരവാദ പാർട്ടീവിരുദ്ധക്ലിക്കിനെ നമ്മുടെ മഹാനായ ഗുരു ചെയർമാൻ മാവോ അധിക്ഷേപിച്ചപ്പോൾ ഈ മാർക്സിസ്റ്റ് വിരുദ്ധ വർഗ്ഗവഞ്ചകരോടു് അദ്ദേഹം ഇപ്രകാരം വെട്ടിത്തുറന്നു പറഞ്ഞു:

"മാർക്സും ലെനിനും പാരീസ് കമ്മ്യൂണിനെപ്പററിയും, ലെനിൻ റഷ്യൻ വിപ്ലവത്തെപ്പററിയും എങ്ങിനെയാണു് പരാമർശിക്കുകയുണ്ടായതെന്നു് ദയവുചെയ്തു് നോക്കുക, മനസ്സിലാക്കുക!" "വർഗ്ഗവഞ്ചകനായ പ്ലഖനോവിനേയും, 'ഊർദ്ധൻ വലിക്കുന്ന ബൂർഷ്വാസിയുടെയും അവ

രുടെ വാലാത്തന്മാരായ പെററിബൂർഷ്വാ ജനാധിപത്യവാദികളുടേയും ചെത്തലപ്പട്ടികളും കൂർക്കപ്പന്നികളുമായ' 'ആ ബൂർഷ്വാമാന്യരേയും അവരുടെ പാദസേവകരേയും' ലെനിൻ എങ്ങിനെ വിമർശിച്ചു എന്നു് നിങ്ങരം കാണുന്നില്ലേ? ഇല്ലെങ്കിൽ നിങ്ങളൊന്നു് ദയവുചെയ്തു് സൂക്ഷിച്ചു നോക്കുമോ?'' മുഴവൻ പാർട്ടിക്കും ശിക്ഷണം നല്കാനായുള്ള ഒരാഴമേറിയ പാഠമെന്നോണം ഈ ചരിത്രാനുഭവത്തെ ചെയർമാൻ മാവോ ഉപയോഗപ്പെടുത്തുകയും മാർക്സിൻേറയും ലെനിൻേറയും ഉദാഹരണങ്ങരം പിന്തുടരാനും വിപ്ലവപരമായ ബഹുജനപ്രസ്ഥാനത്തോടു് ശരിയായൊരു നിലപാടെടുക്കാനും നമ്മുടെ പാർട്ടി മെമ്പർമാരേയും കേഡർമാരേയും അദ്ദേഹം പ്രേരിപ്പിക്കുകയും ചെയ്തു.

''ഇന്നു് ലോകത്തെ മുഖ്യപ്രവണത വിപ്ലവമാണു്.'' ഭൂഗോളത്താകമാനം ജനങ്ങരം ആകാശം പിളക്കുന്ന ശബ്ദത്തിൽ ആർത്തു പറയുകയാണു്: അമേരിക്കൻ ആക്രമണകാരികളും അവരുടെ എല്ലാ വിടുനായ്ക്കളും നശിക്കട്ടെ! സാമ്രാജ്യത്വത്തിൻേറ തന്ത്രപരമായ പിന്നണി പ്രദേശങ്ങരം സാമ്രാജ്യത്വവിരുദ്ധ സമരത്തിലെ മുന്നണിനിരകളായി മാറിയിട്ടുണ്ടു്. അമേരിക്കൻ ആക്രമണത്തിന്നെതിരായും ദേശീയമോചനത്തിനുവേണ്ടിയുമുള്ള ഇന്തോ ചൈനയിലെ മൂന്നു് ജനതകളുടേയും യുദ്ധത്തിൻേറ വിജയകരമായ വികസനം ലോകവ്യാപകമായ അമേരിക്കൻ വിരുദ്ധ സമരത്തെ ഒരു പുതിയ പതനത്തിലേക്കു് തള്ളിനീക്കിയിട്ടുണ്ടു്. ആ രണ്ടു് വൻശക്തികളുടെ മേധാവിത്വ സിദ്ധാന്തത്തിന്നെതിരായ സമരം ഗതിവേഗം പ്രാപിച്ചു കൊണ്ടിരിക്കുകയാണു്. ഏഷ്യയിലേയും ആഫ്രിക്കയിലേയും ദേശീയ വിമോചനപ്രസ്ഥാനം ഉഗ്രതയോടെ ആളിക്കത്തുന്നൊരു തീയെന്നോണം മുമ്പോട്ടു് കുതിച്ചു കയറുകയാണു്. അമേരിക്കയിലേയും ജപ്പാനിലേയും പിന്തിരിപ്പന്മാർ കുത്തിയിളക്കിവിടുന്ന ജപ്പാനീസ് സൈനികവല്ക്കരണത്തിൻേറ പുനരുത്ഥാനത്തിന്നെതിരായ കൊറിയയിലേയും ജപ്പാനിലേയും മററു് ഏഷ്യൻ രാജ്യങ്ങളിലേയും ജന

ങ്ങളുടെ സമരം നിത്യേന ഇരമ്പിക്കയറുകയാണ്. അമേരിക്കൻ — ഇസ്രായേൽ ആക്രമണകാരികൾക്കെതിരായ പോരാട്ടത്തിൽ പലസ്തീനിയരും മററു അറബ് ജനങ്ങളും തുടന്നു കൊണ്ടേ മുന്നേറുകയാണ്. വടക്കനമേരിക്കയിലും യൂറോപ്പിലും ഓഷ്യാനിയായിലും അഭൂതപൂർവ്വമായതോതിൽ വിപ്ലവപരമായ ബഹുജനപ്രസ്ഥാനങ്ങൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. നിക്സൻ ഗവമ്മെണ്ടിൻെറ പിന്തിരിപ്പൻ ഭരണത്തിന്നും ആക്രമണത്തിൻേറതായ അതിൻെറ നയത്തിന്നുമെതിരായി അമേരിക്കൻ ഐക്യനാടുകളിലെ തൊഴിലാളികളും വിദ്യാത്ഥികളും കറുത്ത ജനങ്ങളും മററ് ന്യൂനപക്ഷ ജനതകളും നിത്യേന ഒരു വിപ്ലവക്കൊടുങ്കാററെന്നപോലെ ഉണരുകയും ഉയരുകയുമാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ ''ആ പിന്നാമ്പുറമായ'' ലാററിനമേരിക്കയിൽ, ജനഹൃദയങ്ങളിൽ ദീർഘകാലത്തോളം അമത്തിവെക്കപ്പെട്ട അമേരിക്കൻ വിരുദ്ധരോഷം ഇപ്പോൾ പൊട്ടിപ്പുറത്തുകടന്നിരിക്കയാണ്. അങ്ങിനെ അവിടെ സ്വന്തം ദേശീയ താല്പര്യങ്ങളുടേയും ഭരണകൂടത്തിൻെറ പരമാധികാരത്തിൻേറയും സംരക്ഷണത്തിന്നുവേണ്ടിയുള്ള കൂട്ടായ സമരമെന്ന സവിശേഷതയോടുകൂടിയ ഒരു പുതിയ സാഹചര്യം ആവിർഭവിക്കുകയും ചെയ്തിട്ടുണ്ട്. സോഷ്യൽ സാമ്രാജ്യത്വത്തിന്നെതിരായ ചില കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങളുടെ വിപ്ലവസമരം വേലിയേററത്തിലാണ്. ഇന്നേവരെ താരതമ്യേന നിശ്ശബ്ദമായിരുന്ന പ്രദേശങ്ങളിൽപോലും വിപ്ലവത്തിൻേറതായ ആ വസന്തത്തിൻെറ ഇടിമുഴക്കം കേൾക്കാൻ തുടങ്ങിയിരിക്കുന്നു. ഒന്ന് മറെറാന്നിൻമേൽ പ്രതികരണമുളവാക്കിക്കൊണ്ടും ഒന്ന് മറെറാന്നിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടും ഈ സമരങ്ങൾ ലോകജനകീയവിപ്ലവപ്രസ്ഥാനത്തിൻെറ ആ പ്രബലമായ പ്രവാഹത്തിൽ ചെന്ന് ലയിച്ചിട്ടുണ്ട്.

ഇന്നത്തെ വമ്പിച്ച വിപ്ലവപ്രസ്ഥാനത്തിൻെറ മുമ്പിൽ ഏതൊരു വിപ്ലവപ്പാർട്ടിക്കും ഏതൊരു വിപ്ലവകാരിക്കും ഒന്നല്ലെങ്കിൽ മറെറാരു തീരുമാനം എടുക്കേണ്ടതായിവരും. ബഹുജനങ്ങളുടെ തലപ്പത്ത് മാർച്ചുചെയ്തു

കയും അവരെ നയിക്കുകയുമാണോ വേണ്ടതു്? ഗോഷ്ടി കാണിക്കുകയും വിമശിക്കയും ചെയ്തുകൊണ്ട് അവരുടെ വാലിൽത്തൂങ്ങി മുടന്തുകയാണോ വേണ്ടത്? അല്ലെങ്കിൽ അവക്ക് മാർഗ്ഗതടസ്ഥമായി നില്ക്കുകയും അവരെ എതിർക്കുകയുമാണോ വേണ്ടത്? യഥാത്ഥ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് പാർട്ടികളും എല്ലാ വിപ്ലവകാരികളും ബഹുജനങ്ങളുടെ വിപ്ലവപ്രവത്തനങ്ങളെ ഊഷ്മളമായി പിന്താങ്ങുകയും ബഹുജനപ്രസ്ഥാനത്തിൻെറ തലപ്പത്ത് കാലുറപ്പോടെ മാർച്ചുചെയ്യുകയും ബഹുജനങ്ങളെ മുന്നോട്ടു നയിക്കുകയും ചെയ്തേ തീരൂ.

തൊഴിലാളി വർഗ്ഗത്തിൻെറ രാഷ്ട്രീയപ്പാർട്ടികളും എല്ലാ വിപ്ലവകാരികളും ''ലോകത്തെ നേരിട്ടഭിമുഖീകരിക്കേണ്ടതും കൊടുങ്കാററിനെ ധീരതയോടെ നേരിടേണ്ടതുമാണ്—ബഹുജനസമരങ്ങളുടേതായ ആ വമ്പിച്ച ലോകത്തെയും ബഹുജനസമരങ്ങളുടേതായ ആ ഊക്കേറിയ കൊടുങ്കാററിനേയും.'' (ചെയർമാൻ മാവൊ). അവർ ബഹുജനങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കാളികളാവുകയും അവരിൽനിന്ന് വണക്കത്തോടെ പഠിക്കുകയും സ്വമനസ്സാലെ അവരുടെ ശിഷ്യന്മാരായിരിക്കുകയും അവരുടെ വിപ്ലവപരമായ മുൻകൈ സ്വഭാവത്തെ കണ്ടുപിടിക്കാൻ അതീവകഴിവുള്ളവരായിരിക്കുകയും അവരിൽനിന്ന് വിവേകവും ശക്തിയും ആജ്ജിക്കുകയും ചെയ്യുകതന്നെവേണം. ബഹുജനപ്രസ്ഥാനത്തിൻെറ ഊക്കേറിയ കൊടുങ്കാററിലേക്ക് നെഞ്ചുക്കോടെ എടുത്തുചാടുകവഴി മാത്രമേ തൊഴിലാളി വർഗ്ഗത്തിൻെറ ഒരു രാഷ്ട്രീയപാർട്ടിക്ക് സ്വയം മൂശയിലിട്ടു ട്ടിയെടുക്കാനും പക്വതപ്രാപിക്കാനും കഴികയുള്ളു. മാത്രമല്ല വർഗ്ഗസമരത്തിലെ ബഹുജനങ്ങളുടെ പ്രായോഗിക പ്രവത്തനത്തിലൂടെ മാത്രമേ ഒരു ശരിയായ പരിപാടിയോ ലൈനോ ആവിഷ്കരിക്കാനും വികസിപ്പിക്കാനും പരീക്ഷിച്ചെടുക്കാനും നടപ്പിലാക്കാനും കഴികയുള്ളു.

വിപ്ലവപരമായ ബഹുജനപ്രസ്ഥാനത്തിൻെറ മുഖ്യപ്രവാഹം എല്ലായ്പ്പോഴും നല്ലതാണ്, അതെല്ലായ്പ്പോഴും സമു

ദായത്തിന്റെ വികസനത്തിന്നനുയോജ്യമാണുതാനും. ബഹുജനപ്രസ്ഥാനത്തിൽ ചിന്തയുടെ പലതരം പ്രവണതകളും അവയുടെ സ്വാധീനം ചെലുത്തുകയും പലതരം കക്ഷിഭേദങ്ങൾ തലപൊക്കുകയും പലതരത്തിലുള്ള ആളുകൾ പങ്കെടുക്കുകയും ചെയ്യുന്നു. ഇതു വെറും സ്വാഭാവികം മാത്രമാണ്. ഭൂമിയിൽ തികച്ചും പരിശുദ്ധമായ ഒന്നും ഇല്ലതന്നെ. സമരത്തിലെ തങ്ങളുടെ പ്രായോഗികാനുഭവത്തിൽ കൂടിയും തുടർച്ചയായ താരതമ്യ പഠനത്തിൽ കൂടിയും ബഹുജനങ്ങളുടെ വിപുലമായ വിഭാഗങ്ങൾ ശരിയായതും തെററായതും തമ്മിൽ അചിരേണ വേർതിരിച്ചറിയുന്നതാണ്. അവർ തിരുത്തൽവാദത്തെയും തെററായ എല്ലാററിനേയും അചിരേണ കൈവെടിയുന്നതും മാർക്സിസം-ലെനിനിസത്തിന്റെ വിപ്ളവപരമായ സത്യം അംഗീകരിക്കുന്നതും അതിനെ നന്നായിഗ്രഹിക്കുന്നതുമാണ്. ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടി ബഹുജനങ്ങൾക്കിടയിൽ ആഴത്തിൽ പോകേണ്ടതും, അവരുടെ രാഷ്ട്രീയബോധം നിരന്തരം ഉയർത്താനും ശരിയായ പാതയിലൂടെ ബഹുജനപ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനും കഴിയുമാറ് ക്ഷമാപൂർവ്വം, തീവ്രയത്നം ചെയ്തും, ദീർഘിച്ചൊരു കാലത്തോളവും, പ്രവർത്തനം നടത്തേണ്ടതുമാണ്.

വിപ്ലവത്തെ സംബന്ധിക്കുന്ന പരമപ്രധാനമായ പ്രശ്നം ശത്രുക്കളും മിത്രങ്ങളും തമ്മിൽ വേർതിരിച്ചറിയുകയും നമ്മുടെ യഥാർത്ഥ മിത്രങ്ങളുമായി ഒന്നിക്കുകയും നമ്മുടെ യഥാർത്ഥ ശത്രുക്കളെ ആക്രമിക്കുകയുമാണ്. വിപ്ലവപരമായ ബഹുജനപ്രസ്ഥാനത്തിന്റെ വികസനത്തിന് വിപ്ലവശക്തികൾക്കുള്ളിലെ ഐക്യത്തെ നിരന്തരം ശക്തിപ്പെടുത്തേണ്ടതും, ഭിന്നിപ്പിക്കാനും അട്ടിമറിക്കാനും വേണ്ടി സാമ്രാജ്യവാദികളും തിരുത്തൽവാദികളും പിന്തിരിപ്പന്മാരും പിണച്ചുണ്ടാക്കുന്ന ഗൂഢാലോചനകളെ തകർക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ജനസംഖ്യയിൽ തൊണ്ണൂറ് ശതമാനത്തിലേറെ വരുന്ന ജനങ്ങൾ, അതായത് തൊഴിലാളികളും കൃഷകരും വിദ്യാർത്ഥികളും സാമ്രാജ്യത്വമർദ്ദനത്തിന്നു വിധേയമാകാൻ വിസമ്മതിക്കുന്ന

മറെറല്ലാവരും, വിപ്ലവമുണ്ടാക്കാൻ തീർച്ചയായും സ്ഥായി യായാഗ്രഹിക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തേയും അതിൻെറ എല്ലാ വിടുനായ്ക്കളേയും പരാജയപ്പെടുത്തേണ മെങ്കിൽ ഒരു വിശാലമായ ഐക്യമുന്നണി രൂപീകരിക്കേ ണ്ടതും ശത്രു ഒഴികെയുള്ള ഒന്നിക്കാൻ കഴിയുന്ന എല്ലാ ശക്തികളുമായൊന്നിക്കേണ്ടതും ദീർഘടമായ സമരങ്ങൾ നടത്തേണ്ടതും അത്യന്താപേക്ഷിതമാണ്.

സഖാവ് മാവോ സേതുങ്ങ് ചൂണ്ടിക്കാട്ടുന്നു: ''വിപ്ല വകാരികളായ ബഹുജനങ്ങളിൽ നേരിട്ടാശ്രയിക്കുക എന്നതു് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഒരടിസ്ഥാനതത്വ മാണ്." രാഷ്ട്രീയാധികാരത്തിന്നുവേണ്ടി നാം പോരാടു മ്പോൾ നമുക്ക് ബഹുജനങ്ങളിലാശ്രയിക്കുകയും ബഹുജന പ്രസ്ഥാനങ്ങൾ തൊടുത്തുവിടുകയും ചെയ്യേണ്ടതായുണ്ട്. അതേപോലെത്തന്നെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യ ത്തിൻെറ സ്ഥാപനത്തിനുശേഷം സോഷ്യലിസ്റ്റ് വിപ്ല വത്തിലും സോഷ്യലിസ്റ്റ് നിർമ്മാണത്തിലും നാമേർപ്പെടു മ്പോൾ നമുക്ക് നമ്മുടെ എല്ലാ പ്രവർത്തനത്തിലും ബഹുജന ങ്ങളിലാശ്രയിക്കുകയും ബഹുജനപ്രസ്ഥാനങ്ങൾ തൊടുത്തു വിടുകയും ബഹുജനലൈനിൽ അടിയുറച്ചു നില്ക്കുകയും ചെയ്യേണ്ടതായുണ്ട്. ''നാം ജനങ്ങളിലാശ്രയിക്കുകയും ബഹുജനങ്ങളുടെ അനന്തമായ സൃഷ്ടിപരമായ കഴിവിൽ ദൃഢമായി വിശ്വസിക്കുകയും അതുകൊണ്ടുതന്നെ അവരിൽ ഉറച്ച വിശ്വാസമുള്ളവരാകുകയും അവരുമായി സ്വയം ഒന്നായി ലയിക്കുകയും ചെയ്യുന്നിടത്തോളം കാലം ഏതൊരു ശത്രുവിന്നും നമ്മെ ചതയ്ക്കാൻ കഴികയില്ലെന്നു മാത്രമല്ല, ഏതൊരു ശത്രുവേയും നമുക്ക് ചതയ്ക്കാൻ കഴിയു ന്നതും ഏതൊരു വിഷമത്തേയും നമുക്ക് തരണം ചെയ്യാൻ കഴിയുന്നതുമാണ്.''

## 4. ഒരു യഥാർത്ഥ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടി ഉണ്ടാവുകയെന്നത് അവശ്യം ആവശ്യമാണ്

പാരീസ് കമ്മ്യൂണിന്റെ അനുഭവം ആകത്തുകയായി വിലയിരുത്തവേ, മാർക്സും എംഗൽസും വ്യക്തമായി പ്രസ്താവിക്കുകയുണ്ടായി, "ധനിക വർഗ്ഗങ്ങളുടെ സംയുക്താധികാരത്തിനെതിരായ തൊഴിലാളിവർഗ്ഗത്തിന്റെ സമരത്തിൽ ധനിക വർഗ്ഗങ്ങളാൽ രൂപീകൃതമായ എല്ലാ പഴയ പാർട്ടികളിൽനിന്നും തികച്ചും വ്യത്യസ്തമായും അവക്കെല്ലാം തികച്ചും എതിരായുമുള്ള ഒരു രാഷ്ട്രീയപ്പാർട്ടിയായി സ്വയം സംഘടിക്കാതെ ഒരു വർഗ്ഗമെന്നോണം തൊഴിലാളിവർഗ്ഗത്തിനു് പ്രവർത്തിക്കാൻ കഴിയുന്നതല്ല." തൊഴിലാളിവർഗ്ഗ വിപ്ലവത്തിൽ വിജയം കരസ്ഥമാക്കാനും, തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിക്കാനും സുദൃഢീകരിക്കാനും, വർഗ്ഗങ്ങളെ ഇല്ലായ്മചെയ്യുക എന്ന അന്തിമലക്ഷ്യം നേടാനും ഒഴിച്ചുകൂടാൻ വയ്യാത്ത ഒരുപാധിയാണ് ഇത്.

ചരിത്രപരമായ പരിതഃസ്ഥിതികൾ കാരണം തൊഴിലാളിപ്രസ്ഥാനത്തിൽ മാർക്സിസം എനിയും ഒരു പ്രബലമായ സ്ഥാനം നേടിക്കഴിഞ്ഞിരുന്നില്ലെന്നതും മാർക്സിസത്തെ അതിന്റെ മാർഗ്ഗദർശന ചിന്തയായി സ്വീകരിച്ച ഒരു തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടി എനിയും നിലവിൽ വന്നുകഴിഞ്ഞിരുന്നില്ല എന്നതുമായിരുന്നു പാരീസ് കമ്മ്യൂണിന്റെ പരാജയത്തിന്റെ മൌലികഹേതു. അതേസമയം പാരീസ് കമ്മ്യൂണിൽ അന്നു പ്രാബല്യത്തിലായിരുന്ന ബ്ലാങ്കിസത്തിനും പ്രൂധോണിസത്തിനും ആ തൊഴിലാളിവർഗ്ഗ വിപ്ലവത്തെ വിജയത്തിലേക്ക് നയിക്കാൻ ഒന്നുകൊണ്ടും സാദ്ധ്യവുമല്ലായിരുന്നു.

വളരെ അനുകൂലമായ ഒരു വിപ്ലവസാഹചര്യവും ബഹുജനങ്ങളെ സംബന്ധിച്ച് വിപ്ലവാവേശവും നിലവി

ലുള്ളിടത്തുപോലും പിന്നേയും തൊഴിലാളിവർഗ്ഗനേതൃത്വ
ത്തിന്റെ ഒരു സുശക്തമായ കാതൽ, അതായത് ''മാർക്സി
സ്റ്റ്-ലെനിനിസ്റ്റ് വിപ്ലവ സിദ്ധാന്തത്തിന്മേലും, മാർക്സി
സ്റ്റ്-ലെനിനിസ്റ്റ് വിപ്ലവശൈലിയിലും കെട്ടിപ്പടുത്ത
. . . . . . . . ഒരു വിപ്ലവപ്പാർട്ടി'' ഉണ്ടായിരിക്കേണ്ടത്
അവശ്യം ആവശ്യമാണെന്ന് ചരിത്രാനുഭവം കാണിച്ചു
തരുന്നു. സാമ്രാജ്യത്വത്തേയും അതിന്റെ വിടുനായ്ക്കളേയും
പരാജയപ്പെടുത്തുന്നതിലും വിപ്ലവത്തിൽ വിജയം വരി
ക്കുന്നതിലും അത്തരമൊരു പാർട്ടിക്കുമാത്രമേ തൊഴിലാളി
വർഗ്ഗത്തെയും വിപുലമായ ബഹുജനവിഭാഗങ്ങളേയും നയി
ക്കാൻ കഴികയുള്ളു.

ഒന്നാം ലോകമഹായുദ്ധത്തിന്റെ കാലത്ത് പലരാ
ജ്യങ്ങളിലും ഒരു വിപ്ലവസാഹചര്യം പ്രത്യക്ഷപ്പെട്ടിരുന്നു.
എങ്കിലും രണ്ടാം ഇന്റർനാഷണലിന്റേതായ മിക്കവാറും
എല്ലാ രാഷ്ട്രീയപ്പാർട്ടികളും, തിരുത്തൽവാദപ്പാർട്ടികളും
സാമൂഹ്യ ദുരഭിമാന (സോഷ്യൽ ഷോവനിസ്റ്റ്) പ്പാർട്ടിക
ളുമായി അധഃപതിച്ചുകഴിഞ്ഞതുകാരണം രാഷ്ട്രീയാധികാരം
പിടിച്ചുപററുന്നതിൽ തൊഴിലാളിവർഗ്ഗത്തെ നയിക്കുക
എന്നപ്രശ്നം അവരെ സംബന്ധിച്ച് ഉത്ഭവിക്കുകതന്നെ
ഉണ്ടായില്ല. റഷ്യയിൽ മാത്രമായിരുന്നു ലെനിനാൽ സ്ഥാ
പിതമായ ബോൾഷെവിക്ക് പാർട്ടിയുടെ [redacted] നേതൃത്വ
ത്തിൻ കീഴിൽ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വി
പ്ലവം വിജയശ്രീലാളിതമായത്.

രണ്ടാം ലോകമഹായുദ്ധത്തിന്നിടയിലും അതിന്നു ശേ
ഷവും ചെയർമാൻ മാവോ അതിന്റെ നേതാവായുള്ള
ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വമൊന്നു
കാരണം ചൈനയിൽ വിപ്ലവം വിജയിച്ചു. മററു ചില
രാജ്യങ്ങളിലും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളുടെ
നേതൃത്വത്തിൻ കീഴിൽത്തന്നെ വിപ്ലവം വിജയിക്കു
കയോ അല്ലെങ്കിൽ ദീർഘിച്ച വിപ്ലവസമരങ്ങൾ ഇടതട
വില്ലാതെ നടത്തപ്പെടുകയോ ചെയ്തു. അതേ സമയം

ചില രാജ്യങ്ങളിൽ അവിടുത്തെ പാർട്ടികളിൽ അവസര വാദ, തിരുത്തൽവാദലൈൻ, മേധാവിത്വം വഹിച്ചിരുന്ന കാരണം വിപ്ലവം പരാജയപ്പെട്ടു.

ലോകവിപ്ലവത്തെ സംബന്ധിച്ച് പറകയാണെങ്കിൽ ഇന്നത്തെ സാഹചര്യം എന്നത്തേക്കാളും കൂടുതൽ മെച്ചപ്പെട്ടതാണ്. യഥാർത്ഥ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികൾ സുശക്തമായ നേതൃത്വം നല്കണമെന്നതു് വസ്തുനിഷ്ഠമായ സാഹചര്യം അടിയന്തിരമായും ആവശ്യമാക്കിത്തീർത്തിരിക്കുന്നു ; മാത്രമല്ല, തിരുത്തൽവാദ ലൈനിൽ നിന്നു് പൂർണ്ണമായും തെററിപ്പിരിഞ്ഞതും പ്രത്യയ ശാസ്ത്രപരമായും, രാഷ്ട്രീയമായും, സംഘടനാപരമായും സുദൃഢീകരിക്കപ്പെട്ടതും ഒരു വിശാലമായ ബഹുജനസ്വഭാവമുള്ളതുമായ തൊഴിലാളിവർഗ്ഗ വിപ്ലവപാർട്ടികളുടെ പടുത്തുയർത്തലും അതേപോലെത്തന്നെ ആവശ്യമാക്കിത്തീർത്തിരിക്കുന്നു.

വിപ്ലവത്തെ നയിക്കാൻ കഴിയണമെങ്കിൽ, ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടിയെ സംബന്ധിച്ചിടത്തോളം മാർക്സിസം-ലെനിനിസത്തെ അതിൻെറ മാർഗ്ഗദർശന ചിന്തയായെടുക്കുകയും, മാർക്സിസം-ലെനിനിസത്തിൻെറ സാർവ്വത്രിക സത്യത്തെ അതിൻെറ സ്വന്തം രാജ്യത്തിലെ വിപ്ലവത്തിൻെറ സമൂർത്തപ്രയോഗവുമായി സംയോജിപ്പിക്കുകയും, ആ രാജ്യത്തിൻെറ പരിതഃസ്ഥിതികൾക്കനുയോജ്യമായ ഒരു ശരിയായ ലൈൻ ആവിഷ്കരിക്കുകയും നടപ്പിൽ വരുത്തുകയും എന്നതു് മൌലികപ്രാധാന്യമുള്ളൊരു കാര്യമാണ്. ഒരു ശരിയായ ലൈനുണ്ടെങ്കിൽ ക്ഷീണിച്ച ഒരു ശക്തിക്ക് പ്രബലമായ ഒന്നായി വളരാൻ കഴിയുന്നതാണ്, പൊട്ടും പൊടിയിൽനിന്നു് സായുധസേനകളെ കെട്ടിപ്പടുക്കാൻ കഴിയുന്നതാണ്, രാഷ്ട്രീയാധികാരം നേടാനും കഴിയുന്നതാണ്. ലൈൻ തെററായ ഒന്നാണെങ്കിൽ വിപ്ലവത്തിന്നു് തിരിച്ചടികൾ പററുന്നതും കൈവന്ന നേട്ടങ്ങൾപോലും നഷ്ടപ്പെടുന്നതുമാണ്.

''മാർക്സിസം-ലെനിനിസത്തിന്റെ സാർവ്വത്രിക സത്യം ചൈനീസ് വിപ്ലവത്തിന്റെ സമൂർത്തപ്രയോഗവുമായി കണ്ണിചേർത്താന്നിക്കപ്പെട്ടതോടെ ഈ സത്യം ചൈനീസ് വിപ്ലവത്തിന്നു് തികച്ചും പുതുതായൊരു മുഖച്ഛായ നല്കി" എന്നും, ''മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിന്താന്തത്തെ ചൈനീസ് വിപ്ലവത്തിന്റെ പ്രായോഗിക പ്രവർത്തനവുമായി അടുപ്പത്തിൽ സംയോജിപ്പിക്കുകയെന്നതു് എക്കാലവും നമ്മുടെ പാർട്ടിയുടെ സ്ഥായിയായ ആ പ്രത്യയശാസ്ത്രതത്വമായിരുന്നു" എന്നും ദീർഘിച്ച സമരങ്ങളിലൂടെ ചൈനീസ് ജനകീയ വിപ്ളവത്തെ നയിക്കുന്നതിന്നിടയിൽ സഖാവ് മാവോ സേതുങ്ങ് വീണ്ടും വീണ്ടും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ജപ്പാനീസ് തൊഴിലാളി സുഹൃത്തുക്കൾക്കായി എഴുതിയ തന്റെ സുപ്രധാന മുദ്രണത്തിൽ സഖാവ് മാവോ സേതുങ്ങ് ഈ മൗലികതത്വത്തെ കൂടുതൽ വിശദീകരിച്ചു: ''മാർക്സിസം-ലെനിനിസത്തിന്റെ സാർവ്വത്രിക സത്യത്തെ ജപ്പാനീസ് വിപ്ലവത്തിന്റെ സമൂർത്തമായ പ്രയോഗവുമായി യഥാർത്ഥത്തിൽ സംയോജിപ്പിക്കയാണെങ്കിൽ ജപ്പാനീസ് വിപ്ലവം നിസ്സംശയമായും വിജയംവരിക്കുന്നതാണ്.''

മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾക്കനുസൃതമായി ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടി, സമുദായത്തിലെ വർഗ്ഗബന്ധങ്ങളുടെ ആഴത്തിലുള്ള നിരീക്ഷണങ്ങളും പഠനവും നടത്താനായി ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് നിലപാടും കാഴ്ചപ്പാടുകളും പ്രവർത്തന സമ്പ്രദായങ്ങളും ഉപയോഗിക്കേണ്ടതും, അതിന്റെ സ്വന്തം രാജ്യത്തിലെ നിലവിലുള്ള പരിതഃസ്ഥിതികളുടേയും അതിന്റെ ചരിത്രത്തിന്റേയും ആ രാജ്യത്തിലെ വിപ്ലവത്തിന്റെ സ്വഭാവ

വിശേഷങ്ങളുടേയും സമൂർത്തമായ വിശകലനങ്ങൾ നടത്തേണ്ടതും, സ്വതന്ത്രമായിത്തന്നെ വിപ്ലവത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുമാണ്. സാർവ്വദേശീയ അനുഭവത്തിൽനിന്നു് പഠിക്കുകയെന്നതു് ആവശ്യമാണ്, എന്നിരിക്കിലും ഈ അനുഭവത്തെ യാന്ത്രികമായിപകർത്താൻ പാടുള്ളതല്ല. ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടി അതിന്റെ സ്വന്തം രാജ്യത്തിലെ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ അതിന്റെ സ്വന്തം അനുഭവത്തെ സൃഷ്ടിപരമായി വികസിപ്പിക്കേണ്ടതാണ്. അങ്ങിനെമാത്രമേ അതിന്നു് വിപ്ലവത്തെ വിജയത്തിലേക്കു് നയിക്കാനും തൊഴിലാളിവർഗ്ഗ ലോകവിപ്ലവത്തിന്റെ ആദർശലക്ഷ്യത്തിന്നു് സംഭാവന നല്കാനും കഴികയുള്ളൂ.

സിദ്ധാന്തം പ്രയോഗവുമായി തുടർന്നുകൊണ്ടേ സംയോജിപ്പിച്ചുപോകാൻവേണ്ടി ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടി ബഹുജനങ്ങളുമായി അടുത്ത ബന്ധങ്ങൾ പുലർത്തിപ്പോരികയും അവർക്കിടയിൽ ആഴത്തിൽ ചെല്ലുകയും ''ബഹുജനങ്ങളിൽനിന്നു് ബഹുജനങ്ങളിലേക്കു്'' എന്ന നേതൃത്വസമ്പ്രദായം സ്വീകരിക്കുകയും ചെയ്യേ തീരൂ; എങ്കിൽമാത്രമേ പാർട്ടിയുടെ ശരിയായ ലൈനും തത്വങ്ങളും ബഹുജനപ്രവർത്തനമായി പരിഭാഷപ്പെടുത്താൻ സാധ്യമാകയുള്ളൂ. അതേസമയം അനുഭവവും പാഠങ്ങളും ആകത്തുകയായി വിലയിരുത്താൻ അതിന്നു് കഴിവുണ്ടാവേണ്ടതും, വിമർശനവും സ്വയം വിമർശനവും നടപ്പിലാക്കേണ്ടതും, ജനങ്ങളുടെ താല്പര്യങ്ങളെ മുൻനിർത്തി ശരിയായതെന്തോ അതു് ചെയ്യുന്നതിൽ അടിയുറച്ചുനില്ക്കുകയും തെററായതെന്തോ അതു് തിരുത്തുകയും ചെയ്യേണ്ടതും, സമരത്തിലെ പ്രായോഗിക പ്രവർത്തനത്തിലൂടെ വികസനത്തിന്റെ നിയമങ്ങൾ കണ്ടുപിടിക്കേണ്ടതും ഈ നിയമങ്ങളെ പ്രായോഗികസമരത്തിന്നു് മാർഗ്ഗദർശനം നൽകാനായി ഉപയോഗപ്പെടുത്തേണ്ടതുമാണ്.

സഖാവ് മാവോസേതുങ്ങ് പറയുന്നു: ''പാർട്ടിക്കുള്ളിൽ വിവിധ തരങ്ങളായ ആശയങ്ങൾ തമ്മിലുള്ള എ

തിർപ്പും സമരവും നിരന്തരം സംഭവിക്കുന്നു. ഇതു് സമുദായത്തിലെ വർഗ്ഗങ്ങൾ തമ്മിലും പുതിയതും പഴയതും തമ്മിലും ഉള്ള വൈരുദ്ധ്യങ്ങളുടെ പാർട്ടികളിലെ ഒരു പ്രതിബിംബമാണു്.'' അതിൻെറ രാഷ്ട്രീയ ലൈൻ ശരിയാണെന്നും അതിൻെറ സംഘടന കെട്ടുറപ്പുള്ളതാണെന്നും ഉറപ്പുവരുത്താൻവേണ്ടി ഒരു തൊഴിലാളി വർഗ്ഗപ്പാർട്ടി എല്ലാ നിറത്തിലും തരത്തിലുമുള്ള അവസരവാദത്തിന്നും തിരുത്തൽവാദത്തിന്നുമെതിരായും, ബൂഷ്വാസിയുടേയും മററെല്ലാ ചൂഷകവർഗ്ഗങ്ങളുടേയും പ്രത്യയശാസ്ത്രങ്ങൾക്കെതിരായും വിട്ടുവീഴ്ചയില്ലാത്ത സമരങ്ങൾ നടത്തേണ്ടതാണു്.

മാർക്സിസം-ലെനിനിസവും തിരുത്തൽവാദവും തമ്മിലുള്ള സമരം, അതായതു് സാർവ്വദേശീയ കമ്മ്യൂണിസ്റ്റു് പ്രസ്ഥാനത്തിലെ രണ്ടു ലൈനുകൾ തമ്മിലുള്ള സമരം ദീർഘിച്ച ഒന്നാണു്. ഒരു ദശകത്തിലേറെയായി ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും അൽബേനിയൻ തൊഴിലാളിപ്പാർട്ടിയും ലോകത്തിലെ എല്ലാ യഥാർത്ഥ മാർക്സിസ്റ്റു്-ലെനിനിസ്റ്റുകാരും ഒന്നിച്ചുകൊണ്ടു് സോവിയററു് തിരുത്തൽവാദം അതിൻെറ കേന്ദ്രമായിക്കൊണ്ടുള്ള ആധുനിക തിരുത്തൽവാദത്തിന്നെതിരായി പ്രത്യയശാസ്ത്ര, സൈദ്ധാന്തിക, രാഷ്ട്രീയ രംഗങ്ങളിൽ ഒരു മനസ്സുറപ്പോടെയുള്ള സമരം ചെയ്തുപോന്നിട്ടുണ്ടു്; വമ്പിച്ച വിജയങ്ങൾ നേടിയിട്ടുമുണ്ടു്. പക്ഷെ, ഈ സമരം ഒന്നുകൊണ്ടും അവസാനിച്ചിട്ടില്ല. തൊഴിലാളിവർഗ്ഗ ലോകവിപ്ലവം പരിപോഷിപ്പിച്ചുകൊണ്ടേയിരിക്കാൻവേണ്ടി വിവിധ രാജ്യങ്ങളിലെ മാർക്സിസ്റ്റു്-ലെനിനിസ്റ്റു് പാർട്ടികൾക്കും വിപ്ലവകാരികളായ ജനങ്ങൾക്കും ഒരു സുപ്രധാന കടമ നിറവേറേറണ്ടതായുണ്ടു്-അതായതു് സോവിയററു് തിരുത്തൽവാദം കേന്ദ്രമായിക്കൊണ്ടുള്ള-ആധുനിക തിരുത്തൽ വാദത്തെ തുടർന്നുകൊണ്ടേ വിമർശിക്കുകയും ഈ സമരത്തെ അതിൻെറ പരിസമാപ്തിവരെ കൊണ്ടുപോവുകയും ചെയ്യുക.

ബൂഷ്വാസിയുടേയും മററെല്ലാ ചൂഷക വർഗ്ഗങ്ങളുടേയും പ്രത്യയശാസ്ത്രങ്ങരം സമുദായത്തിൽ പണ്ടേക്കപണ്ടേ മേധാവിത്വം വഹിച്ചുപോന്നിട്ടുണ്ട്. വികസിച്ച മുതലാളിത്ത രാജ്യങ്ങളിലായാലും അഥവാ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള രാജ്യങ്ങളിലായാലും ശരി, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥിതി നിയമവിധേയമായതോ അഥവാ നിയമവിരുദ്ധമായതോ ആയാലും ശരി, തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചു പററുന്നതിന്നു മുമ്പായാലും അഥവാ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻെറ സ്ഥാപനത്തിനു ശേഷമായാലും ശരി, ബൂർഷ്വാസി എല്ലാ മാർഗ്ഗങ്ങളുപയോഗിച്ചും എല്ലാ തുറകരം വഴിയും കമ്മ്യൂണിസ്റ്റുപാർട്ടിയെ പ്രത്യയശാസ്ത്രപരമായി സ്വാധീനിക്കാനും, അധഃപതിപ്പിക്കാനും, ''ദ്രവിപ്പിക്കാനും'' അതിനാൽ കഴിയുന്നതെന്തും മുടക്കമില്ലാതെ ചെയ്യുന്നു. ബൂർഷ്വാ പ്രത്യയശാസ്ത്രത്തിൻെറ നുഴഞ്ഞുകയററങ്ങരംക്കെതിരായി മനസ്സുറച്ച സമരങ്ങരം നടത്താൻ ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടി പരാജയപ്പെടുകയാണെങ്കിൽ അതിന്ന് പ്രത്യയശാസ്ത്രരംഗത്തും, രാഷ്ട്രീയരംഗത്തും, സംഘടനാരംഗത്തും അതിൻെറ സ്വാതന്ത്ര്യം ഒന്നുകൊണ്ടും നിലനിത്താൻ കഴിയുന്നതല്ല. എന്നു മാത്രമല്ല അതു് ബൂർഷ്വാസിയുടേയും അതിൻെറ രാഷ്ട്രീയപ്പാർട്ടികളുടേയും ഒരനുബന്ധമായി മാറുന്നതുമാണ്. പിന്തിരിപ്പൻ ബൂർഷ്വാലോകവീക്ഷണത്തെ തൊഴിലാളിവർഗ്ഗലോകവീക്ഷണംകൊണ്ടു് പരാജയപ്പെടുത്താൻവേണ്ടി മാർക്സിസം ലെനിനിസത്തെ വിമർശനത്തിന്നുള്ള അതിൻെറ ആയുധമായി ഉപയോഗിക്കുക വഴിയും, പ്രത്യയശാസ്ത്രരംഗത്തു് വർഗ്ഗസമരത്തിലടിയുറച്ചുനില്ക്കുക വഴിയും മാത്രമാണ് ശരിക്കും തൊഴിലാളിവർഗ്ഗത്തിൻേറതായ പാർട്ടിക്കു് തൊഴിലാളിവർഗ്ഗ വിപ്ലവത്തിലും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലും അതിൻെറ സമരശേഷി ഫലപ്രദമായുപയോഗപ്പെടുത്താനും വിജയം നേടാനും കഴിയുന്നതു്.

## 5. ആധുനിക തിരുത്തൽവാദികൾ പാരീസ് കമ്മ്യൂണിന്റെ വിപ്ലവപരമായ തത്വങ്ങളുടെ വഞ്ചകരാണ്

തൊഴിലാളിവർഗ്ഗവും ലോകത്തെ വിപ്ലവകാരികളായ ജനങ്ങളും പാരീസ് കമ്മ്യൂണിന്റെ അന്തസ്സററ ശതാബ്ദി ആഘോഷിക്കുന്ന വേളയിൽ ''കമ്മ്യൂണിന്റെ തത്വങ്ങളോടുള്ള കൂറിനെ'' പ്പററി വാചകമടിച്ചുകൊണ്ടും പാരീസ് കമ്മ്യൂണിന്റെ പിന്തുടർച്ചാവകാശിയേപ്പോലെ വേഷസംവിധാനം ചെയ്തുകൊണ്ടും സോവിയററ് തിരുത്തൽ വാദ വർഗ്ഗവഞ്ചകക്കൂട്ടിക്കു് ഒരഭിനയത്തിലേർപ്പെട്ടിരിക്കയാണു്. നാണമെന്നൊന്നു് അതിന്നില്ലതന്നെ.

പാരീസ് കമ്മ്യൂണിനെപ്പററി സംസാരിക്കാൻ സോവിയററ് തിരുത്തൽവാദ വർഗ്ഗവഞ്ചകർക്കു് എന്തവകാശമാണുള്ളതു്? ഈ വർഗ്ഗവഞ്ചകരാണു് സോവിയററ് പാർട്ടിയുടേയും ഭരണകൂടത്തിന്റേയും നേതൃത്വം അപഹരിച്ചെടുത്തവർ. ഇതിൻ ഫലമായി ലെനിനാൽ സ്ഥാപിതമായതും സ്റ്റാലിൻ കാത്തുരക്ഷിച്ചതുമായ സോവിയററ് ഭരണകൂടത്തിന്റെ രാഷ്ട്രീയനിറം മാറിക്കഴിഞ്ഞിട്ടുമുണ്ടു്. അവരാണു് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെ ബൂർഷ്വാ സർവ്വാധിപത്യമാക്കി മാററിയതും, സോഷ്യൽ സാമ്രാജ്യത്വവും സോഷ്യൽ ഫാഷിസവും പ്രാബല്യത്തിൽ കൊണ്ടുവന്നതും. ഇതു് പാരീസ് കമ്മ്യൂണിന്റെ വിപ്ലവപരമായ തത്വങ്ങളുടെ കൊടുംവഞ്ചനയാണു്.

ക്രൂഷേവ് തൊട്ടു് ബ്രഷ്നേവ്‌വരെയുള്ളവരെല്ലാം തന്നെ തങ്ങളുടെ ബൂർഷ്വാ സർവ്വാധിപത്യത്തെ ''മുഴുവൻ ജനങ്ങളുടേയും ഭരണകൂടം'' എന്ന മൂടുപടമണിയിക്കാൻ ശ്രമിച്ചിട്ടുണ്ടു്. സോവിയററ് യൂണിയൻ ''മുഴുവൻ ജനങ്ങളുടേയും ഭരണകൂടമായി.... ............ രൂപാന്തരപ്പെട്ടു'' കഴിഞ്ഞെന്നു് ക്രൂഷേവ് പറയാറുണ്ടായിരുന്നു. ഇപ്പോഴാകട്ടെ ബ്രഷ്നേവും കൂട്ടുകാരും പറയുകയാണു് അവരുടേതു് ''മുഴുവൻ ജനങ്ങളുടേയും ഒരു സോവിയററ് സോഷ്യലിസ്റ്റ്

ഭരണകൂട''മാണെന്നും അവർ പ്രാവർത്തികമാക്കിക്കൊണ്ടി രിക്കുന്നതു് ''സോവിയററ് ജനാധിപത്യ''മാണെന്നും. ഇതെല്ലാം തനി ഭോഷ്ക്കാണ്.

അദ്ധ്വാനിക്കുന്ന ജനങ്ങൾ തങ്ങളുടെ സ്വന്തമിടങ്ങളിൽ യജമാനന്മാരായിരുന്നെന്ന വസ്തുതയാണ് റഷ്യൻ തൊഴിലാളിവർഗ്ഗത്തിന്റെ ആ മഹാസൃഷ്ടിയായ സോവിയററ് മൂർത്തീകരിച്ചതു്. അതാകട്ടെ ഉജ്ജ്വലമായൊരു കീർത്തിമുദ്രയായിരുന്നുതാനും. എന്നിരിക്കിലും, ''കമ്മ്യൂണിസ്റ്റ് പാർട്ടി'' എന്ന പേരുപോലെത്തന്നെ ''സോവിയററ്'' എന്ന പേരും ബോൾഷെവിക്കുകാർക്കും അല്ലെങ്കിൽ മെൻഷെവിക്കുകാർക്കും, മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർക്കും അല്ലെങ്കിൽ തിരുത്തൽവാദികൾക്കും ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇവിടെ നിർണ്ണായകമാകുന്നതു് പേരല്ല മറിച്ച് സത്തയാണ്, രൂപമല്ല മറിച്ച് ഉള്ളടക്കമാണ്. ഇന്നത്തെ സോവിയററ് യൂണിയനിൽ ''സോവിയററ്'' എന്ന പേരു് മാറിയിട്ടില്ല, ഭരണകൂടത്തിന്റെ പേരും മാറിയിട്ടില്ല, പക്ഷെ വർഗ്ഗഉള്ളടക്കം പൂർണ്ണമായും മാറിയിട്ടുണ്ട്. സോവിയററ് തിരുത്തൽവാദ വർഗ്ഗവഞ്ചകപ്പരിഷകൾ അതിന്റെ നേതൃത്വം അപഹരിച്ചെടുത്തതോടെ സോവിയററ് ഭരണകൂടം ബൂർഷ്വാസിയെ അടിച്ചമർത്താനായുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ഉപകരണമല്ലാതായിത്തീർന്നിരിക്കുന്നു; പകരം പുനഃപ്രതിഷ്ഠിക്കപ്പെട്ട ബൂർഷ്വാസി തൊഴിലാളിവർഗ്ഗത്തെ അടിച്ചമർത്താനുപയോഗിക്കുന്ന ഒരു പകരണമായിത്തീർന്നിട്ടുണ്ട്. സോവിയററ് തിരുത്തൽവാദ വർഗ്ഗവഞ്ചകർ സോവിയററ് യൂണിയനെ ഒരു കൈപ്പിടിയിലൊതുങ്ങുന്ന പുതിയതരം ഉദ്യോഗസ്ഥ മേധാവി-കുത്തക-മുതലാളിമാരുടെ ഒരു സ്വർഗ്ഗീയസങ്കേതമായും അദ്ധ്വാനിക്കുന്ന കോടാനുകോടി ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരുകാരാഗൃഹമായും മാററിയിട്ടുണ്ട്. ഇതാണ് ''മുഴുവൻ ജനങ്ങളുടേയും സോവിയററ് സോഷ്യലിസ്റ്റ് ഭരണകൂടം'' എന്നും ''സോവിയററ് ജനാധിപത്യം'' എന്നും അവർ വിളിക്കുന്നതിന്റെ മുഴുവൻ ഉള്ളടക്കവും. ''മുഴുവൻ ജനങ്ങളുടേയും ഭരണകൂടം തൊഴിലാളിവർഗ്ഗ സർവ്വാധിപത്യ

ത്തിൻേറതായ ഭരണകൂടത്തിൻെറ ഒരു നേരിട്ടുള്ള തുടർച്ചയാണു് '' എന്നതു് ഒന്നുകൊണ്ടും ഒരു വസ്തുതയല്ല. മറിച്ചു് ക്രൂഷേവ് ലെനിൻെറ ഒരു '' നേരിട്ടുള്ള തുടർച്ചയാണു് '' ബ്രഷ്നേവ്ലൈൻ എന്നതാണു് വസ്തുത. മുഖ്യമായും ഇതുകൊണ്ടാണു് ബ്രഷ്നേവും തൻെറ കൂട്ടാളികളും '' മുഴുവൻ ജനങ്ങളുടേയും ഭരണകൂടം '' എന്ന മുദ്രാവാക്യത്തിൽ ആശയററു് കടിച്ചുതൂങ്ങുന്നതു്.

അക്രമപരമായ തൊഴിലാളിവർഗ്ഗ വിപ്ലവത്തോടുള്ള സോവിയററു് തിരുത്തൽവാദ വർഗ്ഗവഞ്ചകക്ലിക്കിൻെറ വിറളിപിടിച്ച എതിർപ്പു് അവർ പാരീസ് കമ്മ്യൂണിൻെറ വിപ്ലവപരമായ തത്വങ്ങളെ വഞ്ചിച്ചതിൻെറ മറെറാരു സാന്ദ്രീകൃതപ്രകടനമാണു്. ബ്രഷ്നേവും തൻെറ കൂട്ടുകാരും '' തൊഴിലാളിവർഗ്ഗത്തിൻെറ നേതാക്കളോടു് സമരത്തിൻെറ ഓരോ ഘട്ടത്തിലും അക്രമപ്രയോഗം അങ്ങേയററം കുറയ്ക്കാനും സമ്മർദ്ദത്തിൻെറ കൂടുതൽ മൃദുലമായ രൂപങ്ങൾ ഉപയോഗിക്കാനും '' ഉച്ചൈസ്തരം ആവശ്യപ്പെടുന്നു. '' സായുധസമരവും ആഭ്യന്തരയുദ്ധവും വമ്പിച്ച ബഹുജനവിഭാഗങ്ങൾക്കു് ഭീമമായ ത്യാഗങ്ങളും കെടുതികളും, ഉല്പാദനശക്തികളുടെ വിനാശവും, മികച്ച വിപ്ലവകാഡർമാരുടെ ഉന്മൂലനവും വരുത്തിവെക്കുന്നു '' എന്നു് അവർ നാണംകെട്ടു് പുലമ്പുന്നു. '' സമാധാനപരമായ പരിവർത്തനം '' എന്ന തങ്ങളുടെ കള്ളനാണയത്തിന്നു് ഒരു സ്ഥിരീകരണം കണ്ടെത്താമെന്ന ദുരുദ്ദേശത്തോടുകൂടി വർഗ്ഗവഞ്ചകരുടേതായ ഈ ഗ്രൂപ്പു് ചരിത്രത്തെ ധിക്കാരപൂർവ്വം വളച്ചൊടിക്കുകയും, എന്തിനേറെപ്പറയുന്നു, പാരീസ് കമ്മ്യൂൺ '' ആരംഭത്തിൽ '' '' മിക്കവാറും ഒരു തികച്ചും രക്തരഹിതമായ വിപ്ലവ ''മായിരുന്നെന്നുപോലും പ്രസംഗിച്ചു് നടക്കുകയും ചെയ്യുന്നു.

ആരംഭം തൊട്ടവസാനംവരെ, പാരീസ് കമ്മ്യൂണിൻെറ വിപ്ലവം തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള ഒരു ജീവന്മരണ പോരാട്ടമായിരുന്നു, വിപ്ലവവും പ്രതിവിപ്ലവവും തമ്മിലുള്ള അക്രമപ്രയോഗത്തിൻേറതായ ഒരു സമരമായിരുന്നു. പാരീസ് കമ്മ്യൂൺ

ഉയത്തെഴന്നേല്പിന്റെ തൊട്ടമുമ്പെയുള്ള ആറു മാസങ്ങ ളിൽ പാരീസ് ജനത രണ്ടു് സായുധ ഉയർത്തെഴന്നേ ല്പുകറം സംഘടിപ്പിച്ചിരുന്നു; ഇവ രണ്ടും പിന്തിരിപ്പ ന്മാരാൽ രക്തപങ്കിലമായി അടിച്ചമർത്തപ്പെടുകയും ചെയ്തു. പാരീസ് കമ്മ്യൂൺ ഉയത്തെഴന്നേല്പിനെത്തുടർന്നുള്ള പോരാ ട്ടങ്ങളിലാകട്ടെ പതിനായിരക്കണക്കിനുള്ള തൊഴിലാളി കളും മറ്റദ്ധ്വാനിക്കന്ന ജനങ്ങളും തങ്ങളുടെ ജീവൻ ബലി യപ്പിച്ചു. എങ്ങിനെയാണു് ഈ വിപ്ലവത്തെ ''ആരംഭ ത്തിൽ'' ''മിക്കവാറും തികച്ചും രക്തരഹിതമായ ഒരു വി പ്ലവ''മായിരുന്നെന്നു് വണ്ണിക്കാൻ കഴിയുക? മാർക്സ് ചൂണ്ടിക്കാട്ടി: ''അദ്ധ്വാനിക്കുന്നവരുടെ പാരീസ്, അ തിന്റെ കമ്മ്യൂണിനോടൊപ്പം, ഒരു പുതിയ സമുദായ ത്തിന്റെ ഉജ്ജ്വലമായ പൊൻപുലരിയെന്നോണം എന്നെ ന്നും ആഘോഷിക്കപ്പെടുന്നതാണു്. അതിന്റെ രക്തസാ ക്ഷികറം തൊഴിലാളിവഗ്ഗത്തിന്റെ മഹൽഹൃദയങ്ങളിൽ എന്നെന്നേക്കും പാവനമായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കയാ ണു്. അതിന്റെ ഘാതകരെ ചരിത്രം അനശ്വരമായ ആ കൊലമരത്തിൽ ഏററിക്കഴിഞ്ഞിട്ടുണ്ടു്. അവരെ ഇതിൽ നിന്നു് മോചിപ്പിക്കാൻ വേണ്ടിയുള്ള അവരുടെ മതപുരോ ഹിതന്മാരുടെ മുഴുവൻ പ്രാത്ഥനകളും നിഷ്ഫലമാണു്.'' ഇ പ്പോറം സോവിയററ് തിരുത്തൽവാദ വഗ്ഗവഞ്ചകക്കിക്ക് പരസ്യമായി പുറത്തു വന്നിരിക്കയാണു്; ആ ഘാതകക്ക് വേണ്ടി പ്രാത്ഥനകറം നടത്തുന്ന പുരോഹിതന്മാരുടെ ഭാഗ മഭിനയിക്കയുമാണു്. ഇതു് പാരീസ് കമ്മ്യൂണിന്റെ രക്ത സാക്ഷികളോടുള്ള ഒരു കൊടും നിന്ദയാണു്!

സോവിയററ് തിരുത്തൽവാദ വഗ്ഗവഞ്ചകർ പ്രതി വിപ്ലവപരമായ ബലപ്രയോഗത്തെ ന്യായീകരിക്കാ നായി ഒരായിരം മാഗ്ഗങ്ങറംവഴി ശ്രമിക്കുന്നു; പക്ഷെ വി പ്ലവപരമായ ബലപ്രയോഗത്തെ അവർ പല്ലിറുമ്മി ശപി ക്കയാണു് ചെയ്യുന്നതു്. സാമ്രാജ്യത്വത്തിന്റേയും പിന്തി

രിപ്പന്മാരുടേയും ബലപ്രയോഗത്തിൻേറതായ ഭരണത്തിൻ കീഴിൽ, അദ്ധ്വാനിക്കുന്ന ജനങ്ങൾ അന്ത്യമില്ലാത്ത വേദന അനുഭവിക്കുകയും, ഓരോ ദിവസവും ഓരോ നിമിഷവും വൻ തോതിൽ മരണമടയുകയും ചെയ്യുന്നു. ചൂഷണത്തിൽനിന്നും അടിമത്വത്തിൽനിന്നും ജനങ്ങൾക്ക് മോചനം നേടണമെങ്കിൽ ഈ നരഭോജി വ്യവസ്ഥിതിക്ക് ഒരറുതി വരുത്തിയേ തീരൂ; അതിന്നുവേണ്ടിമാത്രമാണ് മർദ്ദിതജനത അക്രമപരമായ വിപ്ലവം നടത്തുന്നത്. പക്ഷെ സോവിയററ് തിരുത്തൽവാദ വർഗ്ഗവഞ്ചകർ ''ജനങ്ങളുടെ കഷ്ടപ്പാടുകൾ'', ''കേഡർമാരുടെ ഉന്മൂലനം'', ''ഉല്പാദന ശക്തികളുടെ നാശം'' എന്നൊക്കെയുള്ള ആരോപണങ്ങൾ ചുമത്തിയുംകൊണ്ട് വിപ്ലവസായുധസേനകൾക്കും അവർ നടത്തുന്ന വിപ്ലവയുദ്ധങ്ങൾക്കും എതിരായി എത്രയെത്ര കുററപത്രങ്ങളാണ് അടിച്ചേല്പിക്കുന്നത്! ദൈവീകമായ ഒന്നാമത്തെ നിയമം സാമ്രാജ്യവാദികൾക്കും പിന്തിരിപ്പന്മാർക്കും ജനങ്ങളെ മർദ്ദിക്കാമെന്നും കൂട്ടക്കൊല ചെയ്യാമെന്നുമാണെന്നും, അതേ സമയം വിപ്ലവകാരികളായ ജനങ്ങൾ ആയുധങ്ങൾ സ്വന്തം കൈകളിലെടുക്കുകയെന്നതും ചെറുത്തുനില്പിന്നായി മുതിരുകയെന്നതും ഒരു കൊടും പാതകമാണെന്നുമല്ലേ അവരുടെ ഈ യുക്തിവാദത്തിന്നർത്ഥമാകുന്നത്?

സോവിയററ് തിരുത്തൽവാദ വർഗ്ഗവഞ്ചകർ എല്ലാ രാജ്യങ്ങളിലേയും ജനങ്ങളോട് വിപ്ലവപരമായ ബലപ്രയോഗം ''അങ്ങേയററം കുറയ്ക്കേണ''മെന്നു് ആവശ്യപ്പെടുന്നു. അതേസമയം അവർതന്നെ പ്രതിവിപ്ലവപരമായ ബലപ്രയോഗം അങ്ങേയററം വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കയുമാണ് ചെയ്യുന്നത്. സോവിയററ് ജനങ്ങളുടെ ജീവിതത്തെപ്പററിയോ മരണത്തെപ്പററിയോ ഒട്ടുംതന്നെ പരിഗണിക്കാതെ, ബ്രഷ്നേവും തൻെറ നിഗൂഢസംഘവും കൂടുതൽ കൂടുതൽ വിമാനങ്ങളും, തോക്കുകളും, യുദ്ധക്കപ്പലുകളും, നിയന്ത്രിത മിസ്സൈലുകളും, അണുവായുധങ്ങളും നിർമ്മിക്കാൻവേണ്ടി കൂടുതൽ കൂടുതൽ റൂബിളുകൾ ചിലവാക്കിയുംകൊണ്ട് സൈനികവല്ക്കരണത്തിലേക്കും ആയു

ധപന്തയത്തിലേക്കും മതിമറന്നു് കുതിക്കുകയാണു്. ഹിംസയുടേതായ ഈ രാക്ഷസീയമായ യന്ത്രസംവിധാനം ഉപയോഗപ്പെടുത്തിയുംകൊണ്ടാണു് പുതിയ ഈ സാർ ചക്രവർത്തിമാർ നാട്ടിന്നുള്ളിലെ വിപുലമായ ബഹുജനവിഭാഗങ്ങളെ മർദ്ദിക്കുന്നതും, ഒരു കൂട്ടം രാജ്യങ്ങളെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടു് നാട്ടിന്നു പുറത്തുള്ള തങ്ങളുടെ കൊളോണിയൽ ഭരണം നിലനിർത്തുന്നതും. ഹിംസയുടേതായ ഈ യന്ത്രസംവിധാനത്തെയാണു് അമേരിക്കൻ സാമ്രാജ്യത്വവുമായി വിലപേശാനും, ശക്തിരാഷ്ട്രീയം തള്ളിനീക്കാനും, സ്വാധീനമേഖലകൾ പങ്കിടാനും വേണ്ടിയുള്ള മുതൽ മുടക്കായി അവർ ഉപയോഗിക്കുന്നതു്.

സോവിയററു് തിരുത്തൽവാദ വർഗ്ഗവഞ്ചകർ വിപ്ലവകാരികളായ ജനങ്ങളോടു് പ്രതിവിപ്ലവത്തിന്നെതിരായി ''സമ്മർദ്ദത്തിൻെറ മൃദുലമായ രൂപങ്ങളേ'' ഉപയോഗിക്കാവൂ എന്നു് ആവശ്യപ്പെടുന്നു. അതേസമയം അവർതന്നെ വിപ്ലവകാരികളായ ജനങ്ങളെ കൈകാര്യം ചെയ്യുന്നതിൽ അങ്ങേയററം കിരാതവും മൃഗീയവുമായ മാർഗ്ഗങ്ങളാണു് ഉപയോഗിക്കുന്നതു്.

ഞങ്ങളൊന്നു് ചോദിക്കട്ടെ :

നിങ്ങളുടെ രാജ്യത്തെ വിവിധ ദേശീയവിഭാഗങ്ങളിൽപെട്ട ജനങ്ങളെ അടിച്ചമർത്താനായി വൻതോതിൽ സായുധസേനയേയും പോലീസിനേയും നിങ്ങളയക്കുമ്പോൾ അതൊരു ''മൃദുലമായ'' രൂപമാണോ?

കഠിനമായ നിയന്ത്രണം ചുമത്താനായി നിങ്ങൾ ചില കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും, മംഗോളിയൻ ജനകീയ റിപ്പബ്ലിക്കിലും വൻതോതിൽ സേനകളെ താവളമടിച്ചുനിർത്തുമ്പോഴും, പ്രാഗ് നഗരത്തിലേക്കു് ടാങ്കുകൾ ഓടിച്ചുകൊണ്ടു് ചെക്കോസ്ലോവാക്യയെ സൈനികമായധീനപ്പെടുത്തുകപോലും ചെയ്യുമ്പോഴും അതൊരു ''മൃദുലമായ'' രൂപമാണോ?

എല്ലാടവും സൈനികവിപുലീകരണത്തിൽ നിങ്ങ

ളേപ്പെട്ടുകയും മററുരാജ്യങ്ങാംക്കെതിരായി എല്ലാതരത്തിലു മുള്ള അട്ടിമറിപ്രവത്തനങ്ങാം ഒളിവിൽ നടത്തുകയും ചെയ്യുമ്പോാം അതൊരു ''മൃദുലമായ''രൂപമാണോ ?

സോവിയററ് തിരുത്തൽവാദ വർഗ്ഗവഞ്ചകർ ഹിംസാത്മകമായ വിപ്ലവത്തെ എതിക്കുക മാത്രമല്ല ചെയ്യുന്നതു്, പിന്നേയോ, വിപ്ലവത്തെ എതിക്കാനായി ബലപ്രയോഗമുപയോഗിക്കുകകൂടി ചെയ്യുന്നു എന്നു് അവരുടെ ചെയ്തികാം തികച്ചും വ്യക്തമായി കാട്ടിത്തരുന്നു. അവർ ഉദാര മനസ്കരെന്നോണം ഭാവിക്കുന്നു. പക്ഷെ യഥാത്ഥത്തിൽ അവർ "തൊഴിലാളികളുടെ ഏററവും കടുത്ത ശത്രുക്കാം-കോലാടിൻെറ വേഷമണിഞ്ഞ ചെന്നായ്ക്കാം'' (എംഗൽസിൻെറ കൃതിയിൽനിന്നുള്ള ഉദ്ധരണി) ആണു്.

ഇതേപോലെ ജപ്പാനിൽ ഒരു മിയാമോട്ടോ തിരുത്തൽ വാദക്കിക്കണ്ടു്. അവരും ഹിംസാത്മകമായ വിപ്ലവത്തേയും തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തേയും വീറോടെ എതിക്കുകയും പാർല്യമെൻററിപാത സ്വീകരിക്കുന്നതിനുവേണ്ടി ''എല്ലാ ശ്രമങ്ങളും നടത്തേണ്ടതു് ആവശ്യമാണെന്നു്'' തിരക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നിഘണ്ടു അനുസരിച്ചു് ''ഹിംസ'' എന്ന വാക്കിന്നത്ഥം ''മൃഗീയശക്തി'' അല്ലെങ്കിൽ ''നിയമമില്ലാശക്തി'' എന്നാണെന്നു് തങ്ങളുടെ തലപുണ്ണാക്കി ചിന്തിച്ചുകൊണ്ടു് അവർ ആരോപിക്കുകയും,അതിനാൽ അത്തരം ഒരു വിപ്ലവം നടത്താൻ ജനങ്ങാം മുതിരരുതെന്നു് വാദിക്കുകയും ചെയ്യുന്നു. കൂടാതെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം — ഇതു് ''വളരെ അപര്യാപ്തമായ'' ഒരു തർജ്ജിമയാണുപോൽ- എന്ന പദപ്രയോഗത്താൽ ചില ആാംക്കാർ ''ഭയചകിത''രാകുന്നു എന്നും ഭാവിയിൽ ''തികച്ചും ശരിയായ ഒരു തർജ്ജിമ ഉണ്ടാക്കേണ്ടതു്'' ആവശ്യമാണെന്നും അവർ പറയുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിൻെറയും ജപ്പാനീസ് സൈനിക മേധാവിത്വത്തിൻേറയും അക്രമപ്രയോഗത്തെ നിലനിത്തിപ്പോരാനും വിപ്ലവമുണ്ടാക്കുന്നതിൽ ജപ്പാനീസ് ജനതയെ എതിക്കാനും വേണ്ടി ഈ മിയാമോട്ടോ

ക്രീക്ക് നീഘണ്ടുവിന്റെ സഹായംപോലും തേടുകയും അർത്ഥപരിണാമശാസ്ത്രത്തിൽ അഭയം പ്രാപിക്കുകയും വാക്കുകൾകൊണ്ട് കസർത്തു കളിക്കുകയും ചെയ്യുന്നു. ആധുനികതിരുത്തൽവാദം പ്രത്യയശാസ്ത്രപരമായി എന്തുമാത്രം അധഃപതിച്ചുകഴിഞ്ഞു !

സഖാവ് മാവോ സേതുങ്ങ് ചൂണ്ടിക്കാട്ടുന്നു :- ''അവസാനത്തിൽ സോഷ്യലിസ്റ്റ് സമ്പ്രദായം മുതലാളിത്തസമ്പ്രദായത്തെ മാററി തൽസ്ഥാനത്തു് പ്രതിഷ്ഠിക്കപ്പെടുന്നതാണ്. ഇതു് മനുഷ്യന്റെ ഇച്ഛാശക്തിക്കതീതമായ വസ്തുനിഷ്ഠമായ ഒരു നിയമമാണ്.'' ആധുനിക തിരുത്തൽവാദത്തിന്റെ ആ മാററ്കലരാത്ത പ്രതിനിധിയായ ക്രൂഷേവ് ചരിത്രത്തിന്റെ കുപ്പത്തൊട്ടിയിലേക്ക് എന്നോ എടുത്തെറിയപ്പെട്ടുകഴിഞ്ഞു. ക്രൂഷേവിന്റെ തിരുത്തൽവാദക്കലൻ പിന്തുടന്ന നവോട്ട്നിയും ഗോമുൽക്കയും യഥാവിധി മറിച്ചിടപ്പെട്ടിരിക്കയാണ്. ആരൊക്കെ ചരിത്രത്തിന്റെ നിയമങ്ങൾക്ക് കടകവിരുദ്ധമായി പ്രവത്തിക്കുകയും, പാരീസ് കമ്മ്യൂണിന്റെ വിപ്ലവപരമായ തത്വങ്ങളെ വഞ്ചിക്കുകയും, തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെയും വിശ്വാസഘാതകരായി മാറുകയും ചെയ്യുന്നുവോ, അവരൊക്കെ ഒന്നുകൊണ്ടും നല്ലതിൽ ചെന്നെത്തുകയില്ലെന്ന കാര്യത്തിൽ സംശയത്തിന്നവകാശമൊട്ടുമില്ലതന്നെ.

## 6. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻ കീഴിൽ വിപ്ലവം തുടർന്നുകൊണ്ടേ പോകുന്നതിലടിയുറച്ചുനില്ക്കുക, ഇനിയും കൂടുതൽ വമ്പിച്ച വിജയങ്ങൾക്കുവേണ്ടി യത്നിക്കുക

തൊഴിലാളിവർഗ്ഗം അതിൻെറ സ്വന്തം കൈകളിൽ രാഷ്ട്രീയാധികാരം പിടിച്ചുപററുമ്പോൾ അതു് കുറിക്കുന്നതു് സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ സമാപനത്തെയല്ല മറിച്ചു് അതിൻെറ ആരംഭത്തെയാണു് എന്നു് പാരീസ് കമ്മ്യൂണിനുശേഷമുള്ള, പ്രത്യേകിച്ചും ഒക്ടോബർ വിപ്ലവത്തിനുശേഷമുള്ള ചരിത്രാനുഭവം കാട്ടിത്തരുന്നു. തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സുദൃഢീകരിക്കേണമെങ്കിലും, മുതലാളിത്ത പുനഃസ്ഥാപനം തടയേണമെങ്കിലും സോഷ്യലിസ്റ്റ് വിപ്ലവത്തെ അതിൻെറ പരിസമാപ്തിവരെ കൊണ്ടുപോവുകയെന്നതു് അവശ്യം ആവശ്യമാണു്.

ലോകതൊഴിലാളിവർഗ്ഗ വിപ്ലവപ്രസ്ഥാനം മുമ്പോട്ടുള്ള അതിൻെറ ഗതിയിൽ പിരിവുകളിൽക്കൂടിയും വളവുകളിൽക്കൂടിയും കടന്നു പോയിട്ടുണ്ടു്. ഒക്ടോബർ വിപ്ലവത്തിൻെറ ജന്മഭൂമിയിൽ മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ പാരീസ് കമ്മ്യൂണിൻെറയും ഒക്ടോബർ വിപ്ലവത്തിൻേറയും തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിൻേറയും വിപ്ലവപരമായ തത്വങ്ങൾ ഇപ്പോഴും സാധുവാണോ എന്ന കാര്യത്തിൽ തെല്ലൊരു കാലത്തേക്കു് സംശയങ്ങൾ തലപൊക്കി. സാമ്രാജ്യവാദികളും പിന്തിരിപ്പന്മാരും മതിമറന്നാഹ്ലാദിക്കയുണ്ടായി. അവർ ചിന്തി

ച്ച: ''സമാധാനപരമായ പരിണാമം''വഴി സോവിയററ് യൂണിയൻ മാറിക്കഴിഞ്ഞതുകൊണ്ട് അതേ മാഗ്ഗത്തിലൂടെ ചൈനയിലേയും തൊഴിലാളിവർഗ്ഗ സവ്വാധിപത്യത്തെ മറിച്ചിടാൻ കഴിയുന്നതല്ലേ? പക്ഷെ, ചെയർമാൻ മാവോവിൻെറ സ്വന്തം മുൻകൈയ്യോടെ ആരംഭിച്ചതും സ്വന്തം നേതൃത്വത്തിൽ നടത്തപ്പെട്ടതുമായ മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവത്തിൻെറ പീരങ്കിയുണ്ടകൾ വർഗ്ഗവഞ്ചകനും ഒളിഞ്ഞുനിന്ന രാജ്യദ്രോഹിയും മറിപ്പൊററയുമായ ല്യുഷോചിയുടെ നേതൃത്വത്തിലുള്ള ബൂഷ്വാ കേന്ദ്രകാര്യാലയത്തെ നശിപ്പിക്കുകയും, ചൈനയിൽ മുതലാളിത്തം പുനഃസ്ഥാപിച്ചുകളയാമെന്നുള്ള സാമ്രാജ്യവാദികളുടേയും ആധുനിക തിരുത്തൽവാദികളുടേയും മധുര സ്വപ്നത്തെ തകർത്തു തരിപ്പണമാക്കുകയും ചെയ്തു.

ചെയർമാൻമാവോ തൊഴിലാളിവർഗ്ഗ സവ്വാധിപത്യത്തിൻെറ ചരിത്രാനുഭവത്തിൽനിന്ന് അതിൻെറ ഗുണാത്മകവും ദോഷാത്മകവുമായ വശങ്ങളെ സമഗ്രമായി വിലയിരുത്തിയിട്ടുണ്ട്; തൊഴിലാളിവർഗ്ഗ വിപ്ലവത്തിൻേറയും തൊഴിലാളിവർഗ്ഗ സവ്വാധിപത്യത്തിൻേറയും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തിൻെറ അനന്തരാവകാശിയാവുകയും അതിനെ കാത്തുരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്; തൊഴിലാളിവഗ്ഗസവ്വാധിപത്യത്തിൻകീഴിൽ വിപ്ലവം തുടർന്നുകൊണ്ടേ പോവുകയെന്ന മഹത്തായ സിദ്ധാന്തം മുന്നോട്ടു വെച്ചിട്ടുണ്ട്; നമ്മുടെ കാലത്തെ ഏററവും പ്രധാനമായ പ്രശ്നം, അതായത് തൊഴിലാളിവർഗ്ഗ സവ്വാധിപത്യം സുദൃഢീകരിക്കുകയും മുതലാളിത്ത പുനഃസ്ഥാപനം തടയുകയും ചെയ്യുക എന്ന പ്രശ്നം, സിന്താന്തത്തിലും പ്രയോഗത്തിലും പരിഹരിച്ചിട്ടുമുണ്ട്. അങ്ങിനെ അദ്ദേഹം മാർക്സിസം-ലെനിനിസത്തിന്ന് മഹത്തായ ഒരു പുതിയ സംഭാവന നല്കുകയും

തൊഴിലാളിവർഗ്ഗ വിപ്ലവത്തെ അതിൻെറ പര്യവസാനംവരെ വിജയശ്രീലാളിതമായി കൊണ്ടുപോകാൻ വേണ്ടി നാം സ്വീകരിക്കേണ്ട പാത വ്യക്തമായി നിർവചിക്കുകയും ചെയ്തിരിക്കയാണ്. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം സുദൃഢീകരിക്കുന്നതിലെ ആ ഏററവും വമ്പിച്ച ശക്തിയായിത്തീരാൻ ഉതകുമാറ് ചൈനയുടെ മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവത്തിൽ മാവോസേതുങ്ങ് ചിന്തയും ചെയർമാൻ മാവോവിൻെറ വിപ്ലവപരമായ ലൈനും ജനകോടികളുടെ പ്രായോഗിക വിപ്ലവപ്രവർത്തനവുമായി കൂടുതൽ കൂടുതൽ ആഴത്തിൽ സംയോജിക്കപ്പെട്ടു വരികയാണ്.

സോഷ്യലിസ്റ്റ് സമുദായം വളരെ നീണ്ടൊരു ചരിത്ര കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നു. ഈ കാലഘട്ടത്തിലുടനീളം ഇനിയും വർഗ്ഗങ്ങളുണ്ട്, വർഗ്ഗവൈരുദ്ധ്യങ്ങളുണ്ട്, വർഗ്ഗസമരവുമുണ്ട്. രാഷ്ട്രീയാധികാരത്തിൻെറ പ്രശ്നത്തിൽത്തന്നെയാണ് ഇനിയും സമരം കേന്ദ്രീകരിക്കുന്നതു്. പരാജയപ്പെട്ടവർഗ്ഗം ഇനിയും സമരം ചെയ്യുന്നതാണ്. ഈ ആളുകൾ ഇന്നിയും നമുക്കു ചുററുമുണ്ട്. ഈ വർഗ്ഗം ഇനിയും നിലനില്ക്കുകയും ചെയ്യുന്നു. മുതലാളിത്തം പുനഃസ്ഥാപിക്കാനുദ്ദേശിച്ചുകൊണ്ട് അവർ യാതൊരു മടക്കവുമില്ലാതെ കൃത്യമായി കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ തങ്ങളുടെ ഏജണ്ടന്മാരെ തേടുന്നതാണ്. അതുകൊണ്ട് തൊഴിലാളിവർഗ്ഗം, ആയുധബലംപ്രയോഗിച്ച് വിപ്ലവപരമായ രാഷ്ട്രീയാധികാരത്തെ മറിച്ചെറിഞ്ഞ തിയേഴ്സിനെപ്പോലെയും ബിസ്മാർക്കിനെപ്പോലെയും ഉള്ള ശത്രുക്കൾക്കെതിരായി ജാഗ്രത പുലർത്തിയാൽ മാത്രംപോരാ, പിന്നേയോ, അതു് ഉള്ളിൽനിന്ന് പാർട്ടിയുടേയും ഭരണകൂടത്തിൻേറയും നേതൃത്വം പിടിച്ചുപററിയ ക്രൂഷ്ചേവിനെപ്പോലെയും ബ്രഷ്നേവിനെപ്പോലെയുമുള്ള

സ്വാത്ഥികാംക്കും ഗൂഢാലോചനക്കാക്കമെതിരായി പ്രത്യേകമായി ജാഗ്രത പുലത്തുകതന്നെ വേണം. തൊഴിലാളിവർഗ്ഗസവ്വാധിപത്യം സുദൃഢീകരിക്കുന്നതിന്നും മുതലാളിത്ത പുനഃസ്ഥാപനം തടയുന്നതിന്നുംവേണ്ടി തൊഴിലാളിവർഗ്ഗം സാമ്പത്തികമുന്നണിയിൽ മാത്രമല്ല, രാഷ്ട്രീയ മുന്നണിയിലും, പ്രത്യയശാസ്ത്ര, സാംസ്കാരിക മുന്നണിയിലും കൂടി സോഷ്യലിസ്റ്റ് വിപ്ലവം നടപ്പിലാക്കുകയും സംസ്കാരത്തിൻെറ എല്ലാ തലങ്ങളുമടക്കമുള്ള മേൽക്കുരയിൽ ബൂഷ്വാസിയുടെ മീതെ സവ്വതോമുഖമായ സവ്വാധിപത്യം പ്രയോഗിക്കുകയും ചെയ്യുകതന്നെ വേണം. നമ്മുടെ പാർട്ടിയും ഭരണകൂടവും എല്ലാപ്പോഴും ചെയർമാൻ മാവോവിൻെറ തൊഴിലാളിവർഗ്ഗ വിപ്ലവലൈനിന്നനുസൃതമായി മുന്നേറുന്നതാണെന്ന് ഉറപ്പുവരുത്തുന്നതിന്നുവേണ്ടി പാർട്ടീമെമ്പർമാക്കും കാഡർമാക്കും ബഹുജനങ്ങൾക്കും ആ ഏററവും മൂർച്ചയേറിയ ആയുധമായ മാർക്സിസം–ലെനിനിസത്തെ നന്നായി ഗ്രഹിക്കാനും, ശരിയായലൈനും തെററായലൈനും തമ്മിലും യഥാത്ഥ മാർക്സിസവും കപട മാർക്സിസവും തമ്മിലും ഭൌതികവാദവും ആദർശവാദവും തമ്മിലും വ്യക്തമായി വേർതിരിച്ചറിയാനും കഴിവുണ്ടാകാൻ സഹായിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്.

ചെയർമാൻ മാവോ പറയുന്നു: "ഒരു സോഷ്യലിസ്റ്റ് രാജ്യത്തിൻെറ അന്തിമവിജയത്തിന്ന് സ്വന്തം രാജ്യത്തിലെ തൊഴിലാളിവർഗ്ഗത്തിൻേറയും വിപുലമായ ബഹുജനവിഭാഗങ്ങളുടേയും പരിശ്രമങ്ങൾ മാത്രമല്ല ആവശ്യമായിവരുന്നതു്, പിന്നേയോ, ലോകവിപ്ലവത്തിൻെറ വിജയവും മുഴുവൻ ഭൂഗോളത്തുനിന്നും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതിയുടെ നിമ്മാജ്ജനവും

കൂടി സാധിതപ്രായമാകേണ്ടതുണ്ട്; അതോടെ മുഴവൻ മാനവരാശിയും മോചിക്കപ്പെടുന്നതാണ്."

തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്രസ്ഥാനം സ്വഭാവത്തിൽ എല്ലായ്പ്പോഴും സാർവ്വദേശീയമാണ്. അതിനാൽ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റേയും തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റേയും വിജയത്തിന്ന് "എല്ലാരാജ്യങ്ങളിലേയും തൊഴിലാളികളേ, ഒന്നിക്കുക" (മാർക്സും എംഗൽസും) എന്നും "മുഴവൻ ലോകത്തെയും തൊഴിലാളികളേ, മർദ്ദിതരാഷ്ട്രങ്ങളേ, ഒന്നിക്കുക" (ലെനിൻ) എന്നുമുള്ള മഹത്തായ മുദ്രാവാക്യങ്ങളുടെ സാക്ഷാൽക്കരണം അനുപേക്ഷണീയമാണ്. മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗം കൊളോണിയൽ, അർദ്ധകൊളോണിയൽ ജനതകളുടെ വിമോചനത്തിനുവേണ്ടിയുള്ള സമരത്തിന്ന് പിന്തുണനല്കേണ്ടതും, കോളണികളിലേയും അർദ്ധകോളണികളിലേയും ജനങ്ങൾ മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനത്തിന്നുവേണ്ടിയുള്ള സമരത്തിന്ന് പിന്തുണനല്കേണ്ടതും, തങ്ങളുടെ സ്വന്തം വിപ്ലവത്തിൽ വിജയംവരിച്ച ജനങ്ങൾ വിമോചനത്തിന്നുവേണ്ടി ഇന്നും പോരാടിക്കൊണ്ടിരിക്കുന്ന ജനങ്ങൾക്ക് സഹായം നല്കേണ്ടതുമാണ്. ഇതാണ് തൊഴിലാളിവർഗ്ഗ സാർവ്വദേശീയതത്വത്തിന്റേതായ തത്വം.

ചൈനീസ് വിപ്ലവം ലോകവിപ്ലവത്തിന്റെ ഭാഗമാണ്. ചൈനീസ് ജനതയുടെ വിപ്ലവാദർശലക്ഷ്യം ലോകത്തെ ഇതരജനങ്ങളുടേതുമായി ഒന്നായടുപ്പത്തിൽ ബന്ധിച്ചാണിരിക്കുന്നതു്. മററു രാജ്യങ്ങളിലെ ജനങ്ങളുടെ വിപ്ലവസമരങ്ങളെ ഞങ്ങളുടെ സ്വന്തം സമരങ്ങളെന്നോണവും ചൈനീസ് ജനതയെ സഹായിക്കുന്നവയെ

ന്നോണവുമായാണ് ഞങ്ങളെല്ലാപ്പോഴും കരുതുന്നതു്. നാം മററു വിപ്ലവജനതകളിൽനിന്നു് പഠിക്കേണ്ടതും അവരുടെ സമരങ്ങാംക്കു് ഉറച്ച പിന്തുണ നല്കേണ്ടതും നമ്മുടെ ബാദ്ധ്യസ്ഥകടമകാം നിറവേററേണ്ടതുമാണ്. ഇനിയും കൂടുതൽ വമ്പിച്ച വിജയങ്ങാം കരസ്ഥമാക്കാൻവേണ്ടി നാം തൊഴിലാളിവർഗ്ഗ സാർവ്വദേശീയതചത്തിൻേറതായ ആസ്പിരിട്ടു് മുന്നോട്ടു് കൊണ്ടുപോവുകയും, എല്ലാ യഥാർത്ഥ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളും സംഘടനകളുമായുള്ള സമരവീര്യം നിറഞ്ഞ നമ്മുടെ ഐക്യം ഇനിയും കൂടുതൽ ശക്തിപ്പെടുത്തുകയും മുഴവൻ ലോകത്തിലേയും തൊഴിലാളിവർഗ്ഗവുമായും മർദ്ദിതജനങ്ങളുമായും മർദ്ദിതരാഷ്ട്രങ്ങളുമായും ഉള്ള സമരവീര്യം നിറഞ്ഞ നമ്മുടെ ഐക്യം ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

നൂറു വഷ്ങ്ങാംക്കുമുമ്പേ പാരീസ് കമ്മ്യൂണിനെപ്പററി മാർക്സ് പറഞ്ഞു: ''എന്തൊന്നു മാറ്റെല്ലാളളട്ടെ.................. പാരീസിൽവെച്ച് അതിന്നു് നേരിടേണ്ടിവരാനിരിക്കുന്ന തലവിധി, തീർച്ചയായും അതു് അനശചരതചത്തിലേക്കുട്ടെത്തെറിയപ്പെടുന്നതാണ്.'' മാർക്സിൻേറ ഈ മഹത്തായ പ്രവചനം കൂടുതൽ കൂടുതൽ ഉജ്ജചലമായൊരു യാഥാർത്ഥ്യമായിത്തീരുകയാണ്. ഭൂതകാലത്തെ പുനരവലോകനം ചെയ്തും, ഭാവിയിലേക്കു് കണ്ണോടിച്ചുകൊണ്ടും വദ്ധിച്ചുകൊണ്ടേയിരിക്കുന്ന ഉത്തമവിശചാസത്തോടുകൂടി ഞങ്ങാം പ്രഖ്യാപിക്കുന്നു: സാമ്രാജ്യതചത്തിൻേറയും ആധുനിക തിരുത്തൽ വാദത്തിൻേറയും എല്ലാ പിന്തിരിപ്പതചത്തിൻേറയും അന്തിമനാശം അനിവാര്യമാണ്; അതേപോലെത്തന്നെയാണ് തൊഴിലാളിവർഗ്ഗത്തിൻേറയും മർദ്ദിതജനതയുടേയും മർദ്ദിതരാഷ്ട്രങ്ങളുടേയും പരിപൂർണ്ണമോചനവും.

പാരീസ് കമ്മ്യൂണിന്റെ ആ അനുഗ്രഹീത കവിയായ യൂജീൻ പോട്ടിയർ രചിച്ച ''ഇന്റർ നാഷനൽ ഗാനം'' ലോകത്താകമാനം ഇന്നലയടിക്കുകയാണ്. ''പാരമ്പര്യ ച്ചങ്ങലകൾക്ക് ഇനി നമ്മെബന്ധിക്കാൻ സാദ്ധ്യമല്ല.'' "ഇനി എല്ലാം നാമായിരിക്കും'' ''ഓരോരുവനും സ്വസ്ഥാനത്തു കാലുറച്ചുനില്ക്കട്ടെ.'' ''മാനവരാശി തീച്ചയായും സാർവ്വദേശീയമാകുകതന്നെ ചെയ്യും.'' ലോകജനകീയ വിപ്ലവത്തിന്റെ ആ വമ്പിച്ച കൊടുങ്കാററിൽപെട്ട് സാമ്രാജ്യവാദികളും സോഷ്യൽ സാമ്രാജ്യവാദികളും എല്ലാ പിന്തിരിപ്പന്മാരും കിടുകിടെ വിറയ്ക്കട്ടെ! ''തൊഴിലാളികൾക്ക് തങ്ങളുടെ ചങ്ങലകളല്ലാതെ മറ്റൊന്നും നഷ്ടപ്പെടാനായില്ല. അവർക്ക് നേടാനായി ഒരു മുഴവൻ ലോകവുമുണ്ട്.''

**IN PRINT:**

## JOINT EDITORIAL IN COMMEMMORATION OF THE 50th ANNIVERSARY OF THE C. P. C.

**അച്ചടിയിൽ:**

## സി. പി. സി. യുടെ 50-ാം വാർഷികം പ്രമാണിച്ചെഴുതിയ കൂട്ടമുഖപ്രസംഗം.

വില : 0.50

*Maskot Press, Calicut.*